പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 151

12/07/2011 - ൽ
വാങ്മൂലം മറുപടിക്ക്

## മനുഷ്യക്കടത്തും അവയവ കച്ചവടവും

ചോദ്യം
ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി

ഉത്തരം
ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

മനുഷ്യക്കടത്തും അവയവകച്ചവടവും സംസ്ഥാനത്ത് വ്യാപകമായി ക്കൊണ്ടിരിക്കുന്നു എന്നകാര്യം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് കർശനമായി തടയാൻ എന്ത് നടപടിയാണ് അടിയന്തിരമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ ?

മനുഷ്യക്കടത്തും അവയവ കച്ച വടവും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നിട്ടുണ്ടെങ്കിലും വ്യാപകമായ രീതിയിൽ നടന്നതായി കാണുന്നില്ല. സംഘടിത കുറ്റകൃത്യ ങ്ങൾ, അനധികൃത മനുഷ്യക്കടത്ത് എന്നിവയെ സംബന്ധിച്ച് 2009 മേയ് മാസം ന്യൂഡൽഹിയിൽവച്ച് നടന്ന സെമിനാറിൽ ഉരുത്തിരിഞ്ഞ നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും Anti Human Trafficking Units (ATHUs) സ്ഥാപിക്കുകയും ഇതുമായി ബന്ധ പ്പെട്ട് ലഭ്യമായ എല്ലാ വിവരങ്ങളും ശേഖരിക്കുകയും ചെയ്തുകൊ ണ്ടിരിക്കുന്നു. Anti Human Trafficking -ന്റെ സംസ്ഥാന നോഡൽ ഓഫീസറായി ശ്രീ.എസ്.ശ്രീജിത്ത് ഐ.പി.എസ്, കണ്ണൂർ റേഞ്ച് പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിനെ നിയമിച്ചിട്ടുണ്ട്. കൂടാതെ DCRB-യിലെ അസിസ്റ്റന്റ് പോലീസ് കമ്മീഷണർമാർ /പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടുമാരെ ജില്ലാ നോഡൽ ഓഫീസർമാരായും നിയമിച്ചിട്ടുണ്ട്. Department of Social Welfare, Child Welfare Committee, Child Line Services തുടങ്ങിയവയുടെ സേവനം ഉപയോഗപ്പെടുത്തി ഇത്തരം സംഭവങ്ങളിൽ അകപ്പെടുന്നവരെ കണ്ടെത്തുകയും, രക്ഷിക്കുകയും ചെയ്യുന്നു.

കൂടാതെ പോലീസ് ആസ്ഥാനത്ത് 28.02.2011-ൽ നടന്ന ക്രൈം റിവ്യൂ മീറ്റിംഗിൽ ഇക്കാര്യം ചർച്ച ചെയ്യുകയും ഇതിനെതിരെ കർശന നടപടി സ്വീകരിക്കുവാൻ എല്ലാ സോണൽ പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽമാർക്കും, റേഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽമാർക്കും, പോലീസ് ഇൻസ്പെക്ടർ ജനറൽ (ക്രൈംസ്)നും, ജില്ലാ പോലീസ് മേധാവികൾക്കും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിൽ നിന്ന് അന്യ സംസ്ഥാനങ്ങളിലേയ്ക്കും അവിടങ്ങളിൽ നിന്നും കേരളത്തിലേക്കുമുള്ള മനുഷ്യ കടത്തുകൾ നിരീക്ഷിക്കുവാനും, വിവരങ്ങൾ ശേഖരിക്കുവാനും പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ (ഇന്റലിജൻസ്) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള സംഭവങ്ങൾ കണ്ടെത്തുന്നതിനായി എല്ലാ ജില്ലാ പോലീസ് മേധാവികളെയും അവരവരുടെ നിയമ പരിപാലന അധികാരത്തിൽ വരുന്ന പ്രദേശങ്ങളിൽ റെയ്ഡ് നടത്തുവാനും കർശനമായ നടപടികൾ സ്വീകരിക്കുവാനും ചുമതലപ്പെടുത്തിയിട്ടുണ്ട്.

അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ചെയർമാനായ ഒരു ആതറൈസേഷൻ കമ്മറ്റി നിലവിലുണ്ട്. ഈ കമ്മറ്റി ശുപാർശ ചെയ്യുന്നവർക്കു മാത്രമേ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ , ഏർപ്പെടാൻ അനുവാദമുള്ളു.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: 152

12.7.2011 - ൽ മറുപടിയ്ക്ക്

## സംസ്ഥാന പദ്ധതികൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ: എം. ഉമ്മർ<br>ശ്രീ: മഞ്ഞളാം കുഴി അലി<br>ശ്രീ: സി. മോയിൻകുട്ടി<br>ശ്രീ: വി. എം. ഉമ്മർ മാസ്റ്റർ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാന പദ്ധതികളും ജനോപകാര പ്രദ പരിപാടികളും ഫലപ്രദമായും സമയബന്ധിതമായും പൂർത്തിയാക്കാൻ നിലവിലുള്ള ഭരണ സമ്പ്രദായത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിൻെറ വിശദവിവരം നൽകുമോ; | എ) | പദ്ധതികളുടെ കാര്യക്ഷമവും ഫലപ്രദവുമായ നടത്തിപ്പിനായി കേന്ദ്രസർക്കാരിൻെറ ക്യാബിനറ്റ് സെക്രട്ടേറിയറ്റിന് കീഴിലുള്ള "പെർഫോമൻസ് മോണിറ്ററിംഗ് ആൻറ് ഇവാല്യുവേഷൻ സിസ്റ്റം" സംസ്ഥാനത്തെ നൂറുദിന പരിപാടികളുടെ ഭാഗമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൻെറ ഭാഗമായിട്ട് സംസ്ഥാനത്തെ 34 വകുപ്പുകളിൽ " റിസൾട്ട് ഫ്രെയിം വർക്ക് ഡോക്യുമെൻറ് " തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ ഓരോ ജില്ലകളിലെയും വികസന പ്രവർത്തനങ്ങളും പ്രധാനപ്പെട്ട സ്കീമുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും പൊതുവായി ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് നേതൃത്വം നൽകാൻ ഓരോ ജില്ലയിലും മന്ത്രിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ബി) ജനകീയ പ്രശ്നങ്ങളിൽ പോസിറ്റീവ് ആയ സമീപനം സ്വീകരിക്കുവാനും കാലതാമസം പരമാവധി കുറക്കുവാനും ഉള്ള അവബോധം ഉദ്യോഗസ്ഥ | ബി) | സുതാര്യമായ ഭരണ നിർവ്വഹണത്തിലൂടെ അഴിമതി രഹിതവും കാര്യക്ഷമവുമായ സിവിൽ സർവ്വീസ് കെട്ടിപ്പെടുക്കുക എന്നതാണ് സർക്കാരിൻെറ നയം. അത് നടപ്പാക്കുന്നതിന് വിവിധ |

രിൽ ഉണ്ടാക്കിയെടുക്കാൻ ഫലപ്രദമായ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നത്;

നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പൗരാവകാശ പത്രിക, വിവരങ്ങൾ അറിയുവാനുള്ള അവകാശം, പരാതി പരിഹാര സംവിധാനം, അന്വേഷണ കൗണ്ടറുകളുടെ രൂപീകരണം. അധികാര വികേന്ദ്രീകരണം, ഹാജർനില നിരീക്ഷിക്കൽ, കമ്പ്യൂട്ടർ വൽക്കരണം തുടങ്ങിയവ ഇതിൽപ്പെടും. ' സുതാര്യ കേരളം' പരിപാടിയിലൂടെ പരാതികൾ കേൾക്കാനും പരിഹാരം ഉണ്ടാക്കാനും നടപടി സ്വീകരിച്ചു വരുന്നു. പൊതുജനങ്ങൾ കൂടുതലായി സമീപിക്കുന്ന റവന്യൂ, സിവിൽ സപ്ലൈസ്, പഞ്ചായത്ത്, മുൻസിപ്പാലിറ്റി, മോട്ടോർ വെഹിക്കിൾസ്,പൊതുമരാമത്ത് തുടങ്ങിയ ഗവൺമെൻറ് വകുപ്പുകളിൽ നിലവിലിരിക്കുന്നതും ഉപയോഗത്തിലിരിക്കുന്നതുമായ മാന്വലുകൾ, റൂളുകൾ, ആക്ടുകൾ, എന്നിവ പരിഷ്ക്കരിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഭരണം കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി ഗവൺമെൻറ് ഓഫീസുകളിൽഇൻസ്പെക്ഷൻ നടത്തുന്നുമുണ്ട്. ഗവൺമെൻറ്ഉദ്യോഗസ്ഥരുടെ ഭരണപരമായ കഴിവു വർദ്ധിപ്പിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെൻറ് എന്ന സ്ഥാപനത്തിൽ ഇ - ഗവേണൻസ്, വിവരാവകാശ നിയമം എന്നിവയുൾപ്പെടെ പല വിഷയങ്ങളിലും പരിശീലനം നൽകുന്നുണ്ട്.

സി) പൊതുജനങ്ങളോട് നല്ല രീതിയിൽ പെരുമാറുകയും വിവേചന രഹിതമായും നിയമാനുസൃതമായും കാലതാമസം വരുത്താതെയും ജനകീയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ഔദ്യോഗികമായ അംഗീകാരം നൽകി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സി) സംസ്ഥാന സർവ്വീസിൽ സ്തുത്യർഹമായ സേവനം കാഴ്ച വയ്ക്കുന്ന ഉദ്യോഗസ്ഥർക്ക് നിലവിൽ ഗുഡ് സർവ്വീസ് എൻട്രി നൽകി വരുന്നുണ്ട്.

K.S. Sudha
സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 153

12.7.2011 ൽ
മറുപടിയ്ക്ക്

## ഭക്ഷ്യധാന്യങ്ങൾ സുരക്ഷിതമായി സംഭരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ.ലതിക ;<br>ശ്രീ. എം.എ.ബേബി ;<br>ശ്രീ. പി.റ്റി.എ.റഹീം ;<br>ശ്രീ. ആർ. രാജേഷ് ; | ശ്രീ. റ്റി.എം. ജേക്കബ്<br>(ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ഭക്ഷ്യ ഗോഡൗണുകളുടെ പ്രവർത്തനവും ഭക്ഷ്യ ധാന്യങ്ങൾ സംഭരിക്കുന്നതിലുള്ള സുരക്ഷിതത്വവും സർക്കാർ കാലാകാലങ്ങളിൽ വിലയിരുത്താറുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) പൊതുവിതരണ ശൃംഖല മുഖേന വിതരണം ചെയ്യേണ്ട ഭക്ഷ്യ വിഭവങ്ങളുടെ ശേഖരണവും വിതരണവും നടത്തി വരുന്നത് ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയാണ്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ വിതരണം ചെയ്യുന്നതിനുള്ള കുത്തരിയുടെ ശേഖരണവും വിതരണവും സപ്ലൈകോയാണ് (തെരഞ്ഞെടുത്ത ജില്ലകൾ മുഖാന്തിരം) ചെയ്തു വരുന്നത്. എഫ്.സി.ഐ ഡിപ്പോകളിൽ നിന്നും മൊത്തവ്യാപാരികൾ സ്റ്റോക്ക് വിട്ടെടുക്കുകയും മൊത്തവ്യാപാരികളിൽ നിന്ന് ചില്ലറ വ്യാപാരികൾ സ്റ്റോക്ക് വിട്ടെടുക്കുകയുമാണ് ചെയ്തു വരുന്നത്. മൊത്ത വ്യാപാര ഡിപ്പോകളിൽ വരുന്ന സ്റ്റോക്ക് ഒരു മാസത്തിലേറെ സൂക്ഷിക്കേണ്ട സാഹചര്യം നിലവിലില്ല. അതിനുള്ളിൽ തന്നെ ചില്ലറ വ്യാപാരികൾ സ്റ്റോക്ക് എടുക്കുകയും കാർഡ് ഉടമകൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. മൊത്ത ചില്ലറ വ്യാപാര ഡിപ്പോകൾ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ മാസത്തിൽ ഒരു തവണയെങ്കിലും പരിശോധിക്കാറുണ്ട്. ഭക്ഷ്യ ധാന്യങ്ങൾ കേടുകൂടാതെയും സുരക്ഷിതമായും സൂക്ഷിക്കുന്നതിന് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) ഭക്ഷ്യധാന്യങ്ങൾ അശാസ്ത്രീയമായി സംഭരിക്കുന്നതു മൂലം പലയിടങ്ങളിലും ധാന്യങ്ങൾ മുളയ്ക്കുകയും ഉപയോഗശൂന്യമായിത്തീരുകയും ചെയ്ത വിവരം മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) പൊതുവിതരണത്തിനായി അനുവദിക്കുന്ന ധാന്യങ്ങൾ ഉപയോഗശൂന്യമായതായി വളരെ വിരളമായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ മൊത്ത/ ചില്ലറ വ്യാപാര ഡിപ്പോകളിൽ കഴിഞ്ഞ 5 |

വർഷത്തിനിടെ 385 കിലോ അരിയും 40 കിലോ ഗോതമ്പും വിതരണ ക്രമത്തിലെ അപാകത മൂലം നശിച്ചിട്ടുണ്ട്. എഫ്.സി.ഐ ഗോഡൗണുകളിൽ ശാസ്ത്രീയമായ രീതികൾ അവലംബിച്ചാണ് ഭക്ഷ്യവിഭവങ്ങൾ സൂക്ഷിച്ചുവരുന്നത്.

സി) അംഗൻവാടികൾക്കും സ്കൂളുകൾക്കും നൽകുന്ന ഭക്ഷ്യധാന്യങ്ങൾ ഇത്തരത്തിൽ കേടുവന്നവയാണെന്ന പരാതികൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അടിയന്തിരമായി പരിശോധിച്ച് നടപടി സ്വീകരിക്കുമോ ?

സി) വീറ്റ് ബേസ്ഡ് ന്യൂട്രീഷൻ പ്രോഗ്രാം പ്രകാരം കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന അരി അംഗൻവാടികളിൽ ന്യൂൺ ഫീഡിംഗ് തയ്യാറാക്കുന്നതിനും, കുടുംബശ്രീ യൂണിറ്റുകൾക്ക് ഗോതമ്പ് ന്യൂട്രീ മിക്സ് തയ്യാറാക്കുന്നതിനും അനുവദിച്ചു വരുന്നു. ന്യൂൺ ഫീഡിംഗിന് അംഗൻവാടികൾക്ക് എഫ്.സി.ഐ മുഖാന്തിരം അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ fair average quality യിൽ ഉള്ളതുതന്നെയായിരിക്കണമെന്നാണ് എഫ്.സി.ഐയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. അപ്രകാരമുള്ള അരിയും ഗോതമ്പും തന്നെയാണ് എഫ്.സി.ഐ ഗോഡൗണുകളിൽ നിന്നും നൽകി വരുന്നത്. എഫ്.സി.ഐയിൽ നിന്ന് അരി സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുത്ത് മാവേലി സ്റ്റോറുകൾ വഴി അംഗൻവാടികൾക്ക് വിതരണം ചെയ്തു വരുന്നു. അരിയുടെ ക്വാളിറ്റി ബന്ധപ്പെട്ട സൂപ്പർവൈസർമാർ പരിശോധിച്ചാണ് ഏറ്റെടുത്ത് വരുന്നത്.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 154

12-07-2011 -ൽ മറുപടിയ്ക്ക്

### ചെറുകിട വ്യാപാരരംഗത്ത് ബഹുരാഷ്ട്രകുത്തകകളുടെ കടന്നുകയറ്റം ഒഴിവാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആർ.ശെൽവരാജ് :<br>ശ്രീ. ഇ.പി.ജയരാജൻ :<br>ശ്രീ. സാജു പോൾ :<br>ശ്രീ. എ.പ്രദീപ്കുമാർ : | ശ്രീ. ടി.എം.ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ചെറുകിട വ്യാപാര രംഗത്ത് ബഹുരാഷ്ട്ര കുത്തകകൾക്ക് കടന്നുവരാൻ കഴിയുന്ന നിലയിൽ കേന്ദ്രസർക്കാർ നിലപാട് സ്വീകരിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പ്രസ്തുത നിലപാട് സംസ്ഥാനത്തെ ചെറുകിട വ്യാപാരികളെയും ഉപഭോക്താക്കളെയും പ്രതികൂലമായി ബാധിക്കുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ;<br>(സി) കേന്ദ്രനിലപാട് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം എന്താണെന്ന് വെളിപ്പെടുത്താമോ;<br>(ഡി) കേന്ദ്ര നിലപാടിനെ തുടർന്ന് സംസ്ഥാനത്തെ ചെറുകിട വ്യാപാരികൾക്കിടയിൽ ഉണ്ടായ ആശങ്ക മാറ്റുന്നതിന് സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിലുള്ള അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിക്കുമോ ? | (ബി), (സി) & (ഡി)<br>ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 155

12.7.2011 ൽ
മറുപടിയ്ക്ക്

## അവശ്യ വസ്തുക്കൾ റേഷൻ കടകൾ വഴി ന്യായവിലയ്ക്ക് നൽകുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) ;<br>ശ്രീ. ജി.സുധാകരൻ ;<br>ശ്രീ. സി.കൃഷ്ണൻ ;<br>ശ്രീമതി. കെ.എസ്. സലീഖ ; | ശ്രീ. റ്റി.എം. ജേക്കബ്<br>(ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) അവശ്യ വസ്തുക്കൾ റേഷൻ കടകൾ വഴി ന്യായവിലയ്ക്ക് ലഭിക്കുന്നതിന് ആവിഷ്കരിക്കപ്പെട്ട പരിപാടി നടപ്പിൽ വരുത്തുന്നതിന് ഉദ്ദേശമുണ്ടോ;<br><br>ബി) എങ്കിൽ പരിപാടിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;<br><br>സി) ഏതെല്ലാം അവശ്യസാധനങ്ങൾ ഏത് തോതിൽ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) യും (ബി) യും (സി) യും<br><br>13 ഇനം അവശ്യസാധനങ്ങൾ റേഷൻ കടകളിലൂടെ വിൽക്കുന്ന പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്രസർക്കാരിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. ഏകദേശം 354 കോടി രൂപ ഈ പദ്ധതിക്ക് ചെലവ് പ്രതീക്ഷിക്കുന്നു. ചെലവിന്റെ 75% സംസ്ഥാന സർക്കാരും 25% കേന്ദ്ര സർക്കാരും വഹിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. സപ്ലൈകോ മുഖാന്തിരം അവശ്യവസ്തുക്കൾ വാങ്ങി റേഷൻ കടകളിലൂടെ വിൽക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതിക്ക് ഇതുവരെ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. ഇതു കൂടാതെ തെരഞ്ഞെടുത്ത 3000 റേഷൻ കടകൾ വഴി ഓരോ പഞ്ചായത്തിലും 2 എണ്ണം വീതവും ഓരോ മുൻസിപ്പാലിറ്റിയിലും 10 എണ്ണം വീതവും കോർപ്പറേഷനുകളിൽ ഓരോ വാർഡിലും ഒന്നു വീതവും റേഷൻ കടകളിൽ കൂടി അവശ്യ സാധനങ്ങൾ അടങ്ങുന്ന 300 രൂപയുടെ കിറ്റ് 150 രൂപയ്ക്ക് നൽകുന്നതിനുള്ള നടപടി നിലവിലുണ്ട്. ഇതിലേക്കായി 2745 റേഷൻ കടകളെ ഇതിനകം തെരഞ്ഞെടുത്തിട്ടുണ്ട്. 13 ഇനം അവശ്യ വസ്തുക്കൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയിൽ ചെറുപയർ - 1 കിലോ, ഉഴുന്ന്പരിപ്പ് - 1/2 കിലോ, പഞ്ചസാര - 1 കിലോ, തുവരപരിപ്പ് - 1/2 കിലോ, മുളക് - 1/2 കിലോ, മല്ലി - 1/4 കിലോ, ജീരകം - 50ഗ്രാം , കടുക് -100 ഗ്രാം, വെളിച്ചെണ്ണ - 1/2 ലിറ്റർ എന്നിവ ഉണ്ടായിരിക്കും. മറ്റ് അവശ്യ സാധനങ്ങൾ ആവശ്യത്തിന് അനുസൃതമായി നിബന്ധനകൾക്ക് വിധേയമായി നൽകുന്നതാണ്. സപ്ലൈകോയിൽ നിന്നാണ് ഇതിലേക്കുള്ള സാധനങ്ങൾ നൽകുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ; | ഡി) | ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 14.2.2011 ന് നടത്തുകയുണ്ടായി. ഈ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിൽ വരുത്താൻ വേണ്ടി സംസ്ഥാനത്തെ 2745 റേഷൻ കടകളെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഓരോ പഞ്ചായത്തിലും 2 എണ്ണം വീതവും ഓരോ മുനിസിപ്പാലിറ്റിയിലും 10 എണ്ണം വീതവും കോർപ്പറേഷനുകളിലെ ഓരോ വാർഡിലും ഓരോന്നു വീതവും റേഷൻകടകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. 300 രൂപ വിലയുള്ള സാധനങ്ങൾ അടങ്ങിയ കിറ്റ് 150 രൂപയ്ക്ക് വിതരണം ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. മുൻ സർക്കാരിന്റെ കാലത്ത് പദ്ധതി ഉദ്ഘാടനം ചെയ്തിരുന്നെങ്കിലും, പ്രാവർത്തികമാക്കിയിരുന്നില്ല. |
| ഇ) | ഇതിനായി മുൻസർക്കാർ സമർപ്പിച്ച സമഗ്രമായ പദ്ധതിക്ക് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അത് നേടിയെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | ഇ) | 13 ഇനം അവശ്യസാധനങ്ങൾ റേഷൻ കടകളിലൂടെ വിൽക്കുന്ന പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്രസർക്കാരിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. പദ്ധതിക്ക് ഇതുവരെ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 156 — 12.07.2011 ലെ മറുപടിക്ക്

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ സഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ.എൻ.ജയരാജ്<br>ശ്രീ.പി.സി.ജോർജ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ | ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് കാൻസർ, കിഡ്നി സംബന്ധമായ അസുഖങ്ങൾ, ഹൃദ്രോഗം എന്നീ ഗുരുതരമായ അസുഖങ്ങൾക്ക് നൽകി വരുന്ന ചികിത്സാ ധനസഹായം എത്ര വീതമാണ്; ഇത് തീരെ അപര്യാപ്തമാണെന്ന കാര്യം പരിശോധി ച്ചിട്ടുണ്ടോ<br>(ബി) ഇത്തരത്തിലുള്ള ഗുരുതരമായ രോഗങ്ങൾക്ക് ചികിത്സാ ധനസഹായമായി അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) & (ബി) 5000/- രൂപ വീതം. നിലവിലെ വർദ്ധിച്ച തോതിലുള്ള ചികിത്സാ ചെലവു കണക്കിലെടു ക്കുമ്പോൾ ഇത് അപര്യാപ്തമാണ്. എന്നാൽ ധനസഹായത്തിനുള്ള അപേക്ഷക രുടെ ബാഹുല്യം നിമിത്തവും ഫണ്ടിന്റെ അപര്യാപ്തത മൂലവും തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) പ്രസ്തുത ചികിത്സാ ധനസഹായ നിധിയിലേക്കുള്ള ഫണ്ട് സമാഹരണത്തിന് നിലവിൽ ഏതു മാർഗ്ഗമാണ് അവലംബി ക്കുന്നത്; | (സി) വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സർക്കാരിൽ നിന്നുമുള്ള സംഭാവന വഴിയാണ് ഫണ്ട് സമാഹരിക്കുന്നത്.. |
| (ഡി) ചികിത്സാ ധനസഹായത്തിന് അപേക്ഷ നൽകി മാസങ്ങളോളം കാത്തിരി ക്കുന്ന അപേക്ഷകരുടെ ബാഹുല്യം കണക്കിലെടുത്ത് മറ്റു സ്രോതസ്സുകളിലൂടെ ഫണ്ട് സമാഹരണം നടത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) പരിഗണിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 157

12/07/2011 ൽ മറുപടിക്ക്

**ഹോട്ടലുകളിലെ ഭക്ഷ്യവസ്തുക്കളുടെ വിലനിലവാരം**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന് | : | ശ്രീ. ടി.എം.ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്തുടനീളം ഹോട്ടലുകളിൽ ഭക്ഷ്യവസ്തുക്കളുടെ വില ക്രമാതീതമായി വർദ്ധിപ്പിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഭക്ഷ്യവസ്തുക്കളുടെ വിലനിലവാരം നിയന്ത്രിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങളെ ന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (ബി) | ഭക്ഷണ സാധനങ്ങളുടെ വില വിവരപട്ടിക പ്രദർശിപ്പിക്കണം എന്ന നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ, ഹോട്ടലുകളിൽ വില്പന നടത്തുന്ന ഭക്ഷണ സാധനങ്ങളുടെ വില പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. |
| (സി) | കുറഞ്ഞ വിലയ്ക്ക് പൊതു വിതരണശൃംഖലകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കൾ ഉപയോഗിക്കുന്നത് കൂടുതലും ഹോട്ടൽ മേഖല യിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | പൊതുജനങ്ങൾക്ക് ന്യായ വിലയ്ക്ക് ഗുണമേന്മയുള്ള ഭക്ഷണം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹോട്ടലുകളിലൂടെ ലഭ്യമാകുന്നു എന്നുറപ്പുവരുത്താൻ കൂടുതൽ നടപടികളെന്തെങ്കിലും പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ഡി) | ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള ഭക്ഷണ സാധനങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച മാവേലി ഹോട്ടലുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. സ്വകാര്യ ഹോട്ടലുകളിൽ നിയമവിധേയമല്ലാതെ നടക്കുന്നതായി ശ്രദ്ധയിൽപ്പെടുന്ന കാര്യങ്ങൾ പരിശോധിച്ച് കർശന നടപടിയെടുക്കാൻ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു നിയമം കൊണ്ടുവരാൻ സാധിക്കുമോ എന്ന കാര്യം സർക്കാർ സജീവമായി പരിഗണിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 158 - 12/07/2011 ൽ മറുപടിക്ക്

## സംസ്ഥാനത്തിന്റെ വായ്പാ പരിധി ഉയർത്തുന്നതിനുള്ള നടപടി

ചോദ്യം | ഉത്തരം

ശ്രീ. രാജു ഏബ്രഹാം

,, കെ. രാധാകൃഷ്ണൻ

,, കെ.കെ. ജയചന്ദ്രൻ

ശ്രീമതി. കെ.എസ്. സലീഖ

ശ്രീ. കെ.എം. മാണി

(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്തിന്റെ വായ്പാ പരിധി ഉയർത്താൻ കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള കേന്ദ്ര നിലപാട് വ്യക്തമാക്കുമോ; | 2011-12 സാമ്പത്തിക വർഷത്തിലേക്കുള്ള സംസ്ഥാനത്തിന്റെ വായ്പാ പരിധി ഉയർത്താൻ കേന്ദ്ര സർക്കാരിനെ ഇതുവരെയും സമീപിച്ചിട്ടില്ല |
| ബി) ആവശ്യമായ വായ്പ എടുക്കാനുള്ള അവകാശം സംസ്ഥാനത്തിന് നൽകണമെന്ന അഭിപ്രായം കേന്ദ്രസർക്കാർ മുമ്പാകെ ഉന്നയിക്കാനുദ്ദേശിക്കുന്നുണ്ടോ; | പരിഗണനയിലില്ല. |
| സി) ഈ വർഷം ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണ് സംസ്ഥാനം വായ്പ എടുക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | 2011-12 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയുടെ സ്കീം ഓഫ് ഫൈനാൻസിംഗ് പ്രകാരം പൊതു വിപണിയിൽ നിന്നുള്ള കടമെടുക്കൽ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള *(എൽ.ഐ.സി, ജി.ഐ.സി, നബാർഡ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ)* നെഗോഷിയേറ്റഡ് ലോൺ, പ്രോവിഡന്റ് ഫണ്ട്, ലഘു സമ്പാദ്യം, ദേശീയ ലഘു സമ്പാദ്യ ഫണ്ടിലേക്കുള്ള പ്രത്യേക |

| | |
|---|---|
| | സെക്യൂരിറ്റികൾ, വിദേശ സഹായ പദ്ധതികളുടെ നടത്തിപ്പിനായി കേന്ദ്രസർക്കാർ മുഖേന വിദേശ വായ്പാ ഏജൻസികളിൽ നിന്നുള്ള കടമെടുക്കൽ തുടങ്ങിയവയാണ് സംസ്ഥാനം വായ്പ എടുക്കാനുദ്ദേശിക്കുന്ന സ്രോതസ്സുകൾ |
| ഡി) വിനിയോഗത്തിൽ സർക്കാരിന് സ്വാതന്ത്ര്യം കുറഞ്ഞ വായ്പകൾ വേണ്ടെന്ന് വയ്ക്കാൻ തയ്യാറാകുമോ? | സംസ്ഥാന താൽപര്യങ്ങൾക്ക് അനുകൂലമല്ലാത്ത വ്യവസ്ഥയുള്ള വായ്പകൾ സ്വീകരിക്കേണ്ടതില്ല എന്നതാണ് സർക്കാർ നയം. |

അക്കൗണ്ട്സ് ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 159 12.07.2011 - ൽ മറുപടിക്ക്

## വിലനിലവാരം പിടിച്ചു നിർത്താൻ പുതിയ പദ്ധതികൾ

**ചോദ്യം**

ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് :

**ഉത്തരം**

ശ്രീ. റ്റി. എം. ജേക്കബ്

(ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) ഭക്ഷ്യ വസ്തുക്കളുടേയും നിത്യോപയോഗ സാധനങ്ങളുടേയും വിലനിലവാരം പിടിച്ചുനിർത്താൻ വിപണിയിൽ ഇടപെടുന്നതിനുള്ള എന്തെങ്കിലും പുതിയ പദ്ധതികൾ സർക്കാരിന്റെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(എ) & (ബി)

ഭക്ഷ്യവസ്തുക്കളുടേയും നിത്യോപയോഗ സാധനങ്ങളുടേയും വിലനിലവാരം പിടിച്ചു നിർത്തുന്നതിന് ആവശ്യമായ എല്ലാ നടപടികളും സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. സപ്ലൈകോയുടെ "മാർക്കറ്റ് ഇന്റർവെൻഷൻ സ്കീം" വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നതുമൂലം പൊതുവിപണിയിലെ വില നിലവാരം നിയന്ത്രണ വിധേയമാക്കാനും കഴിയുന്നുണ്ട്. വില നിലവാരം പിടിച്ചു നിർത്താനുള്ള നടപടികൾ നിരന്തരം അവലോകനം നടത്തി തുടർച്ചയായി ചെയ്തുവരുന്ന ഒരു പ്രക്രിയ ആയതിനാൽ നിശ്ചിത സമയ പരിധി നിശ്ചയിച്ച് നടപ്പാക്കാനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) റേഷൻ കടകൾ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നിവ വഴി വിൽപ്പന നടത്തുന്ന ഭക്ഷ്യ വസ്തുക്കളുടെ വിലയിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് എത്ര ശതമാനമെന്ന് വിശദമാക്കാമോ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽപ്പന ശാലകളിലെ 7/10 ലെയും 7/11 ലെയും വിലനിലവാരം ചുവടെ ചേർക്കുന്നു.

| Item | 7/2010 | 7/2011 |
|---|---|---|
| ചെറുപയർ | 28.00 | 28.00 |
| ഉഴുന്നുതൊലി കളഞ്ഞത് | 36.00 | 36.00 |
| ഉഴുന്നുപിളർന്നത് | 31.00 | 31.00 |
| വൻകടല | 20.00 | 20.00 |
| വൻപയർ | 26.50 | 26.50 |
| തുവരപ്പരിപ്പ് | 34.00 | 54.00 |
| പീസ് പരിപ്പ് | 18.00 | 18.00 |
| മുളക് | 45.00 | 45.00 |
| മല്ലി | 37.00 | 56.00 |
| ജീരകം | 96.00 | 96.00 |
| കടുക് | 22.00 | 22.00 |
| ഉലുവ | 28.00 | 28.00 |
| പഞ്ചസാര | 27.45 | 25.00 |

റേഷൻ കടകൾ വഴി വിതരണം ചെയ്തുവരുന്ന അരി, പഞ്ചസാര, ഗോതമ്പ് എന്നിവയ്ക്ക് കഴിഞ്ഞ ഒരു വർഷത്തിനിടെ വർദ്ധനവ് ഉണ്ടായിട്ടില്ല.

(ഡി) ഇപ്രകാരം വിതരണം നടത്തുന്ന നിത്യോപയോഗ സാധനങ്ങൾക്ക് സർക്കാർ നൽകുന്ന സബ്സിഡി എത്രയെന്ന് വിശദമാക്കാമോ;

(ഡി) ഓരോ ഇനത്തിലും പ്രത്യേകമായി സബ്സിഡി നൽകാറില്ല. എന്നാൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സമർപ്പിക്കുന്ന സബ്സിഡി ക്ലെയിം, ബഡ്ജറ്റ് വിഹിതം എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ വർഷവും ഒരു നിശ്ചിത തുക മാർക്കറ്റ് ഇടപെടൽ പദ്ധതിയ്ക്ക് നൽകി വരുന്നുണ്ട്.

റേഷൻ കടകൾ വഴി വിതരണം ചെയ്യാനായി കേന്ദ്രസർക്കാർ അനുവദിക്കുന്ന ഭക്ഷ്യസാധനങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന സബ്സിഡിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | കേന്ദ്ര സർക്കാർ അനുവദിക്കുന്ന വിൽപന വില | സംസ്ഥാന സർക്കാർ നൽകുന്ന സബ്സിഡി | സംസ്ഥാന സർക്കാരിന്റെ വിൽപന വില |
|---|---|---|---|
| ബി.പി.എൽ അരി | 6.20 രൂപ/കിലോ | 4.20 രൂപ/കിലോ | 2 രൂപ |
| ബി.പി.എൽ ഗോതമ്പ് | 4.70 രൂപ/കിലോ | 2.70 രൂപ/കിലോ | 2 രൂപ |
| എ.എ.വൈ അരി | 3.00 രൂപ/കിലോ | 1.00 രൂപ/കിലോ | 2 രൂപ |
| എ.പി.എൽ അരി | 8.90 രൂപ/കിലോ | 6.90 രൂപ/കിലോ | 2 രൂപ (നിർദ്ദിഷ്ട നിബന്ധനകളുടെ [illegible] വരുന്നവർക്ക് മാത്രം) |
| എ.പി.എൽ ഗോതമ്പ് | 6.70 രൂപ/കിലോ | 4.70 രൂപ/കിലോ | 2 രൂപ |

| | |
|---|---|
| (ഇ) മാർജിൻഫ്രീ ഷോപ്പുകളിലും, സപ്ലൈകോയിലും നിലനിൽക്കുന്ന വില നിലവാരത്തിലെ അന്തരം കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) അവശ്യസാധനങ്ങൾക്ക് പൊതുവിപണിയെക്കാൾ ശരാശരി 50% കുറഞ്ഞ നിരക്കിലാണ് സപ്ലൈകോയിലെ വിൽപ്പന വില. സപ്ലൈകോയിലെ വില നിലവാരം സർക്കാർ നിശ്ചയിക്കുന്നതാണ്. മാർജിൻഫ്രീ മാർക്കറ്റുകളിലെ അവശ്യ സാധന വിലകൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിലകളിലേയ്ക്ക് കുറച്ചു കൊണ്ടുവരാൻ സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ മാർക്കറ്റിടപെടൽ പദ്ധതി ഒരു പരിധിവരെ സഹായിക്കുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 160 — 12-07-2011 -ൽ മറുപടിക്ക്.

വ്യാജവാറ്റും ചാരായ വില്പനയും തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ്<br>" കോവൂർ കുഞ്ഞുമോൻ | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) വ്യാജവാറ്റും വിൽപ്പനയും നടത്തുന്നതിനെതിരെ പ്രവർത്തിക്കുന്ന എക്സൈസ് ഉദ്യോഗസ്ഥൻമാരുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ; കാര്യക്ഷമമായി പ്രവർത്തിക്കാത്ത എക്സൈസ് ഉദ്യോഗസ്ഥന്മാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br>(ബി) എക്സൈസ് ഉദ്യോഗസ്ഥന്മാരുടെ അറിവോടും സമ്മതത്തോടും കൂടിയാണ് പലയിടങ്ങളിലും ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) ഇത് ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) മുതൽ (സി) വരെ<br><br>എക്സൈസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം തുടർച്ചയായി വിലയിരുത്തുന്നുണ്ട്. കാര്യക്ഷമമായി പ്രവർത്തിക്കാത്ത എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ, സ്ഥലംമാറ്റം, ഇൻക്രിമെന്റ് തടയൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) വ്യാജവാറ്റ് സംബന്ധിച്ച് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) വ്യാജവാറ്റ് സംബന്ധിച്ച് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എക്സൈസ് വകുപ്പ് 6783 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 161 — 12.07.2011 ൽ മറുപടിയ്ക്ക്

## വികസന പദ്ധതികളുടെ പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്നതിന് തടസ്സമായി നില്ക്കുന്ന ഘടകങ്ങൾ

**ചോദ്യം**

ശ്രീ.എസ്.ശർമ്മ
ശ്രീ.കോടിയേരി ബാലകൃഷ്ണൻ
ശ്രീ.എളമരം കരീം
ശ്രീ.ബി.ഡി.ദേവസ്സി

(എ) കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസന രംഗത്ത് നിർദ്ദേശിക്കപ്പെട്ട പദ്ധതികൾക്ക് പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്നതിന് ഇപ്പോൾ തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

**ഉത്തരം**

ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

(എ) രാജ്യത്ത് നടപ്പാക്കാനുള്ള പുതിയ പദ്ധതികൾക്കും, നിലവിലുള്ളവ പുതുക്കുന്നതിനും, വിപുലീകരിക്കുന്നതിനും മുൻകൂർ പാരിസ്ഥിതിക അനുമതി നിർബന്ധമാക്കുന്ന കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ എസ്.ഒ.1533 (E) വിജ്ഞാപനം 14.09.2006-ൽ നിലവിൽ വന്നു. അതുപ്രകാരം നിയമിക്കേണ്ടിയിരുന്ന സംസ്ഥാനതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയും, സംസ്ഥാനതല വിദഗ്ദ്ധ വിലയിരുത്തൽ സമിതിയും കേരളത്തിൽ രൂപീകരിച്ചിരുന്നില്ല. ഈ സമിതികൾ നിലവിലില്ലാത്ത സംസ്ഥാനങ്ങളിൽ മുൻകൂർ പാരിസ്ഥിതിക അനുമതി ആവശ്യമായ സംസ്ഥാനതല പദ്ധതികൾ, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയ

ത്തിന്റെ അനുമതി ആവശ്യമായ പദ്ധതികളായി (കാറ്റഗറി 'എ' ' പദ്ധതികൾ) പരിഗണിക്കപ്പെടും. ആകയാൽ കേന്ദ്ര വിജ്ഞാപനം നടപ്പാക്കിയിരുന്നെങ്കിൽ സംസ്ഥാനത്ത് തന്നെ അനുമതി നൽകാൻ കഴിയുമായിരുന്ന എല്ലാ പദ്ധതികൾക്കും, കേന്ദ്ര അനുമതിക്കായി 14.09.2006 മുതൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി തേടേണ്ടി വന്നതാണ് ഇതുവരെ ഉണ്ടായിരുന്ന തടസ്സം.

(ബി) പരിസ്ഥിതി ക്ലിയറൻസ് ഉൾപ്പെടെ കേന്ദ്രാനുമതി ലഭിക്കാതിരിക്കുന്നതു മൂലം സംസ്ഥാനത്ത് വഴിമുട്ടി നില്ക്കുന്ന വികസന പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കുമോ;

(ബി) പാരിസ്ഥിതിക അനുമതിക്കായി കേന്ദ്ര സർക്കാരിന് അപേക്ഷ നല്കിയിട്ടുള്ള ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ അറിയിച്ചിട്ടുള്ളതു പ്രകാരം, താഴെപ്പറയുന്ന പ്രധാന പദ്ധതികൾക്കാണ് ഇനിയും കേന്ദ്രാനുമതി ലഭിക്കാനുള്ളത്:

1. ഊർജ്ജ വകുപ്പ്- അതിരപ്പള്ളി ജല വൈദ്യുത പദ്ധതി
2. തുറമുഖ വകുപ്പ്-വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടെയ്നർ തുറമുഖം.
3. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്- വെള്ളി ബ്രേക്ക് വാട്ടർ പദ്ധതി

(സി) മറ്റ് സംസ്ഥാനങ്ങളുടെ സമാനമായ പദ്ധതികൾക്ക് ക്ലിയറൻസ് ലഭിക്കുമ്പോൾ, കേരളത്തിന്റെ പ്രമുഖ പദ്ധതികൾ ദുരവസ്ഥയിലാകുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ?

(സി) കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം പാരിസ്ഥിതിക അനുമതി നൽകുന്നതിനുള്ള സമിതികൾ കേരളത്തിൽ രൂപീകരിക്കാതിരുന്നതിനാൽ എല്ലാ അപേക്ഷകളും, അതാത് വകുപ്പുകൾക്ക് കേന്ദ്ര സർക്കാരിലേക്ക് അയക്കേണ്ടി വന്നതാണ് കാരണം. കേരളത്തിൽ ഈ സമിതികൾ രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ ഇപ്പോൾ സ്വീകരിച്ചു കഴിഞ്ഞു.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 162 — 12.7.2011-ൽ മറുപടിക്ക്

### റോഡപകടങ്ങളെക്കുറിച്ച് ശാസ്ത്രീയ പഠനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.ഗീതാഗോപി:<br>ശ്രീ.മുല്ലക്കര രത്നാകരൻ:<br>ശ്രീ.വി ശശി:<br>ശ്രീ.ജി.എസ് ജയലാൽ: | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) റോഡപകടങ്ങൾ മൂലം 2011 മേയ് 1 മുതൽ എത്ര പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; | എ) 715 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട് |
| ബി) ഈ സംഭവങ്ങളിൽപ്പെട്ടവരുടെ കുടുംബങ്ങളെ സഹായിക്കുവാൻ എന്തെല്ലാം ആശ്വാസ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; | ബി) റോഡപകടങ്ങളിൽപ്പെടുന്നവരുടെ കുടുംബങ്ങളെ സഹായിക്കുവാൻ മോട്ടോർ ആക്ട് പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നു. അപകടങ്ങൾ ഉണ്ടായാൽ കേസ് രജിസ്റ്റർ ചെയ്തു ഉടൻ തന്നെ ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട കോടതികൾക്ക് റിപ്പോർട്ട് അയയ്ക്കുകയും, മറ്റ് വകുപ്പുകളിൽ നിന്നും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ട സഹായം ചെയ്തു കൊടുക്കുകയും ചെയ്യുന്നുണ്ട്. അപകടങ്ങളിൽപ്പെടുന്നവരുടെ കുടുംബാംഗങ്ങളെ സഹായിക്കുന്നതിനുവേണ്ടി സർക്കാർ ധന സഹായം ചെയ്യാറുണ്ട്. ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിക്കുന്ന സർക്കാർ ജീവനക്കാരെയും, കുടുംബാംഗങ്ങളെയും സഹായിക്കുന്നതിനുവേണ്ടി 29.05.2007 ലെ സർക്കാർ |

| | | | |
|---|---|---|---|
| | | | ഉത്തരവ് നമ്പർ ജി.ഒ (പി) 221/07/ ഫിൻ. പ്രകാരം ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം നടപ്പാക്കിയിട്ടുണ്ട്. |
| (സി) | അപ്രകാരം സഹായങ്ങൾ നൽകുന്നതിന് എന്തെങ്കിലും പൊതുമാനദണ്ഡങ്ങൾ നിലവിലുണ്ടോ; | (സി) | മോട്ടോർ ആക്ട് പ്രകാരം ഇൻഷ്വറൻസ് പരിരക്ഷയും സാമ്പത്തിക സഹായവും നൽകി വരുന്നു. ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിക്കുന്ന സർക്കാർ ജീവനക്കാരെയും, കുടുംബാംഗങ്ങളെയും സഹായിക്കുന്നതിനുവേണ്ടി 29.05.2007ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(പി) 221/07/ഫിൻ. പ്രകാരം ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം നടപ്പാക്കിയിട്ടുണ്ട്. |
| (ഡി) | അപകടമരണംമൂലവും സ്ഥായിയായ അംഗഭംഗങ്ങൾ മൂലവും സാമ്പത്തിക ദുരിതങ്ങൾ അനുഭവിക്കുന്ന കുടുംബങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു സുരക്ഷാ നിധി രൂപീകരിക്കുന്നത് പരിഗണിക്കുമോ; | (ഡി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | അപകടങ്ങൾ വർദ്ധിക്കുന്നതിന്റെ കാരണങ്ങളും പരിഹാരങ്ങളും നിർദ്ദേശിക്കുന്നതിന് ഒരു ശാസ്ത്രീയ പഠന സംവിധാനം ഏർപ്പെടുത്തുമോ ? | (ഇ) | ഇത് സംബന്ധിച്ച് നടത്തിയ പഠനങ്ങളുടെ വിശദവിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

വിവിധജില്ലകളിലെ റോഡപകട സാദ്ധ്യതയുള്ള മേഖലകളെ സംബന്ധിച്ച് കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ നേതൃത്വത്തിൽ പൊതുമരാമത്ത്, പോലീസ്, മോട്ടോർ വാഹനം എന്നീ വകുപ്പുകളിലെ ഒരു സംഘം ഉദ്യോഗസ്ഥർ പഠനം നടത്തുകയും അത്തരം അപകട സാദ്ധ്യതാ മേഖലകളെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. അത്തരം പ്രദേശങ്ങളിൽ അതാത് സർക്കിൾ ഇൻസ്പെക്ടർമാരുടെ സഹായത്തോടെ നാറ്റ്പാക് ഉദ്യോഗസ്ഥർ സർവ്വേകൾ നടത്തിയിട്ടുണ്ട്. കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ 27 10 2010-ലെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മീറ്റിംഗിൽ, മൂന്നോ അതിലധികമോ ജീവഹാനി സംഭവിച്ച വാഹനാപകടങ്ങളുടെ കാരണത്തെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തണമെന്നും അത്തരം അപകട പ്രദേശങ്ങൾ പൊതുമരാമത്ത്, മോട്ടോർ വാഹനം, പോലീസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ സന്ദർശിക്കണമെന്നും അതാത് സർക്കിൾ ഇൻസ്പെക്ടർമാർ പ്രസ്തുത അപകട വിവരം എക്സിക്യൂട്ടീവ് എഞ്ചിനീയർ (പൊതുമരാമത്ത് വകുപ്പ്) ആർ.ടി.ഒ, ബന്ധപ്പെട്ട ഡിവൈഎസ്പി എന്നിവരെ ഉടൻ തന്നെ അറിയിക്കണമെന്നും പൊതുമരാമത്ത് വകുപ്പിലെയും മോട്ടോർ വാഹന വകുപ്പിലെയും പ്രതിനിധികളുമായി ബന്ധപ്പെട്ട ഡിവൈഎസ്പി അപകട സ്ഥലം സന്ദർശിച്ച് വിശദമായി പഠനം നടത്തി കൂടുതൽ അപകടങ്ങൾ ഉണ്ടാകാതിരിക്കുവാനുള്ള മുൻ കരുതലുകൾ എടുക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. ബന്ധപ്പെട്ട ഡിവൈഎസ്പി-മാരുടെ കണ്ടെത്തലുകളും പരിഹാരനിർദ്ദേശങ്ങളും അടങ്ങിയ റിപ്പോർട്ട് ഐ.ജി.പി. (ട്രാഫിക്)-ന് സമർപ്പിക്കുകയും റിപ്പോർട്ട് അതാത് ജില്ലാ റോഡ് സേഫ്റ്റി കൗൺസിലുകൾ മുഖേന റോഡ് സേഫ്റ്റി കമ്മീഷണർക്ക് സമർപ്പിക്കുകയും ചെയ്യുന്നു.

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 163 12.07.2011 - ൽ മറുപടിക്ക്

## ഭക്ഷ്യധാന്യങ്ങളുടെ സ്വതന്ത്ര വിപണന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. സി.കെ. നാണു<br>ശ്രീമതി ജമീല പ്രകാശം | ശ്രീ. റ്റി. എം. ജേക്കബ്<br>(ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന സർക്കാർ ഭക്ഷ്യധാന്യങ്ങളുടെ സ്വതന്ത്ര വിപണന പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) (ബി) (സി) സർക്കാരിന്റെ പരിഗണനയിലില്ല |
| (ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ; | |
| (സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുമൂലം ഭക്ഷ്യധാന്യങ്ങളുടെ വില വർദ്ധന നിയന്ത്രിക്കുവാൻ കഴിയുമോ; എങ്കിൽ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *164 12/07/2011 ൽ മറുപടിക്ക്

## പോലീസ് സേനാംഗങ്ങൾക്ക് പ്രത്യേക പരിശീലനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ:<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ.കെ.അജിത്<br>ശ്രീ.ഇ.കെ.വിജയൻ. | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലും വ്യക്തി ജീവിതത്തിലുമുള്ള പെരുമാറ്റങ്ങൾ മെച്ചപ്പെടുത്താൻ പോലീസ് സേനാംഗങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള പ്രത്യേക പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) ഔദ്യോഗിക കൃത്യ നിർവഹണത്തിലും വ്യക്തിജീവിതത്തിലുമുള്ള പെരുമാറ്റങ്ങൾ മെച്ചപ്പെടുത്താൻ പോലീസ് സേനാംഗങ്ങൾക്ക് അതാത് മേഖലകളിൽ വൈദഗ്ദ്ധ്യവും, പാണ്ഡിത്യവും ഉള്ളവരെകൊണ്ട് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ച് വരുന്നുണ്ട്. വിവിധതരം കോഴ്സുകൾ ഐ.എം.ജി.യുടെ ട്രെയിനിംഗ് പദ്ധതികളിൽപ്പെടുത്തി പോലീസ് ട്രെയിനിംഗ് കോളേജിലും പോലീസ് അക്കാഡമിയിലും നടത്തി വരുന്നു. |
| (ബി) പോലീസ് ഉദ്യോഗസ്ഥർ അബ്കാരി ക്രിമിനൽ മാഫിയകളുമായി ബന്ധപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |

| | |
|---|---|
| (സി) ഇത്തരം പോലീസ് ഉദ്യോഗസ്ഥരുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) വിവരങ്ങൾ ശേഖരിക്കുന്നുണ്ട് അബ്കാരി-ക്രിമിനൽ മാഫിയകളുമായി ബന്ധപ്പെട്ട കേസുകളിൽ ഉൾപ്പെടുന്ന പോലീസ് സേനാംഗങ്ങൾക്കും, ഉദ്യോഗസ്ഥർക്കുമെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണ്. ഇത്തരം , കേസുകളിൽ ഉൾപ്പെട്ട് പോലീസുകാർ അമിത പണ സമ്പാദനം നടത്തുന്നുണ്ടോ എന്ന് അറിയുന്നതിലേയ്ക്ക് സംസ്ഥാന പോലീസിലെ എല്ലാ സേനാംഗങ്ങളും, ഉദ്യോഗസ്ഥരും അവരവരുടെ വരുമാനത്തെ സംബന്ധിച്ച കണക്കുകൾ സംസ്ഥാന പൊലീസ് മേധാവിയ്ക്ക് സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 165 — 12-07-2011 ൽ മറുപടിക്ക്

### രജിസ്ട്രേഷൻ ഓഫീസുകളെ ഓൺലൈനാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ്:<br>,, വർക്കല കഹാർ:<br>,, പി.എ. മാധവൻ: | ശ്രീ. ടി.എം. ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ രജിസ്ട്രേഷൻ ഓഫീസുകളെയും ഓൺലൈൻ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) രജിസ്ട്രേഷൻ ഓഫീസുകൾ ഘട്ടം ഘട്ടമായി ഓൺലൈനാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) രജിസ്ട്രാർ ഓഫീസുകളിൽ നിന്നും ബാധ്യതാ സർട്ടിഫിക്കറ്റ്, ആധാരത്തിന്റെ പകർപ്പ് എന്നിവ ഓൺലൈൻ ആയി ലഭിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ; | (ബി) സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും ബാധ്യതാ സർട്ടിഫിക്കറ്റ്, ആധാരത്തിന്റെ പകർപ്പ് എന്നിവ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി പൂർത്തിയായി വരികയാണ്. |
| (സി) പാർട്ട്ണർഷിപ്പ് ഫേം, ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ എന്നിവ ഓൺലൈനാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമോ? | (സി) പാർട്ട്ണർഷിപ്പ് ഫേം രജിസ്ട്രേഷനും ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷനും ഓൺലൈനാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ദ്രുതഗതിയിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 166 — 12.7.2011-ൽ മറുപടിക്ക്

## ബാറുകൾക്കും ബിയർപാർലറുകൾക്കും ലൈസൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.കെ.ബാബു<br>(എക്സൈസും തുറമുഖവും വകുപ്പുമന്ത്രി) |
| (എ) പുതിയ ബാറുകൾക്കോ ബിയർ പാർലറുകൾക്കോ ലൈസൻസ് നൽകുവാൻ ഉദ്ദേശമുണ്ടോ; ഇത് സംബന്ധിച്ച നയം വെളിപ്പെടുത്തുമോ;<br><br>(ബി) ടൂറിസം ഡെസ്റ്റിനേഷനുകളിൽ അല്ലാതെ പ്രവർത്തിക്കുന്ന ബാറുകളുടെ ലൈസൻസ് പുതുക്കിക്കൊടുക്കാൻ ഉദ്ദേശമുണ്ടോ; | (എ) & (ബി) പുതിയ ബാറുകൾക്കും ബിയർ പാർലറുകൾക്കും ലൈസൻസ് നൽകുന്നതും, ടൂറിസം ഡെസ്റ്റിനേഷനുകളിൽ അല്ലാതെ പ്രവർത്തിക്കുന്ന ബാറുകളുടെ ലൈസൻസ് പുതുക്കി നൽകുന്നതും സംബന്ധിച്ച തീരുമാനം എടുക്കുന്നത് പുതിയ അബ്കാരി നയം നിലവിൽ വന്നശേഷമായിരിക്കും. അബ്കാരി നയം പുതുക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. ഇതു സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല. |
| (സി) ടൂറിസം വികസനത്തിനായി മാത്രമേ ബാർ ലൈസൻസ് നൽകൂ എന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; ടൂറിസം വകുപ്പോ മറ്റ് സർക്കാർ അനുബന്ധ സ്ഥാപനങ്ങളോ ടൂറിസം ഡെസ്റ്റിനേഷൻ ആയി അംഗീകരിച്ചിട്ടുള്ള സ്ഥലങ്ങളിൽ മാത്രമാണോ പുതുതായി ലൈസൻസ് അനുവദിക്കുന്നത്, അല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ? | (സി) ടൂറിസം ഡെസ്റ്റിനേഷനുകളിൽ മാത്രമേ ബാർ ലൈസൻസ് അനുവദിക്കാവൂ എന്ന് വിദേശമദ്യ ചട്ടത്തിൽ പറയുന്നില്ല. എന്നാൽ ടൂറിസം വികസനത്തിനായിട്ടാണ് ബാർ ലൈസൻസ് അനുവദിക്കുന്നത് എന്ന് വിദേശമദ്യ ചട്ടത്തിൽ നിഷ്കർഷിക്കുന്നുണ്ട്. ബാർ ലൈസൻസുകൾ ടൂറിസം ഡെസ്റ്റിനേഷൻ ആയി അംഗീകരിച്ചിട്ടുള്ള സ്ഥലങ്ങളിൽ മാത്രമല്ല നൽകി വരുന്നത്. വിദേശമദ്യ ചട്ടം 13(3) അനുസരിച്ചാണ് ബാർ ലൈസൻസുകൾ അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.167 — 12.07.2011-ൽ മറുപടിക്ക്.

# മൊബൈൽ ടവർ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീ. വി. റ്റി. ബൽറാം:<br>ശ്രീ. കെ. ശിവദാസൻ നായർ:<br>ശ്രീ. അൻവർ സാദത്ത്: | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | കേരളത്തിൽ മൊബൈൽ ടവർ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ), (ബി) & (സി)<br>മൊബൈൽ ടവറുകൾ സ്ഥാപിക്കാൻ അനുമതി നൽകുന്നതും അവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതും കേന്ദ്ര സർക്കാരാണ്. സംസ്ഥാന സർക്കാരിന് ഇവയുടെ മേൽ നിയന്ത്രണങ്ങൾ ഒന്നും തന്നെ ഇല്ല. മൊബൈൽ ടവറിൽ നിന്നും ഫോണിൽ നിന്നുമുള്ള വികിരണങ്ങൾ ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ച വിഷയവും കേന്ദ്ര സർക്കാരിന്റെ പരിധിയിൽ പെടുന്നതാണ്. ഇത് സംബന്ധിച്ച് നിരവധി കേസുകൾ സംസ്ഥാനത്തെ കോടതികൾ മുമ്പാകെ വരുകയും തുടർന്ന് ഈ വിഷയത്തിന്മേൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ അഭിപ്രായം ആരായുകയും ചെയ്തതിനെ തുടർന്ന് ദീർഘകാലമോ വിപരീതമോ ആയ ആരോഗ്യപ്രശ്നങ്ങൾ ബേസ് സ്റ്റേഷനുകളിൽ നിന്നുള്ള RF റേഡിയേഷൻ മൂലം ഉണ്ടാകുന്നതായി ഇതുവരെ ശേഖരിച്ച തെളിവുകളിൽ നിന്നും കാണുന്നില്ല എന്ന് (World Health Organisation) WHO യുടെ അഭിപ്രായത്തെ ആധാരമാക്കി കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. കൂടാതെ റേഡിയേഷൻ പരിമിതപ്പെടുത്തുന്നതിന് World Health Organisation (WHO) യുടെ ശുപാർശ |
| (ബി) | ഇത്തരം പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | |
| (സി) | ഇല്ലെങ്കിൽ ഈ രംഗത്തെ വിദഗ്ധരെ നിയോഗിച്ചുകൊണ്ട് ഇത്തരത്തിലുള്ള പഠനം നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ? | |

| | | | |
|---|---|---|---|
| | | | പ്രകാരമുള്ള International Commission on Non-Ionizing Radiation Protection (ICNIRP) മാർഗ്ഗനിർദ്ദേശങ്ങൾ ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട് എന്നും മൊബൈൽ ടവർ റേഡിയേഷനുകളെക്കുറിച്ചുള്ള പഠനങ്ങൾ പരിശോധിക്കുന്നതിന് കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻ, ഹെൽത്ത് & ഫാമിലി വെൽഫയർ, പരിസ്ഥിതി, വനം, ബയോ ടെക്നോളജി എന്നീ വകുപ്പുകളിലെ പ്രതിനിധികളുൾക്കൊള്ളുന്ന ഒരു കമ്മിറ്റി കേന്ദ്രസർക്കാർ രൂപീകരിച്ച് ടി കമ്മിറ്റിയുടെ റിപ്പോർട്ട് വെബ്സൈറ്റിൽ നല്കുകയും അതിന്മേലുള്ള അഭിപ്രായങ്ങൾ കമ്മിറ്റി പരിശോധിച്ചു വരികയും ചെയ്യുന്നതായും മൊബൈൽ ടവർ റേഡിയേഷൻ മൂലമുള്ള പ്രശ്നങ്ങൾ തടയുന്നതിന് കേന്ദ്ര സർക്കാർ എല്ലാ മുൻകരുതലുകളും എടുക്കുകയും മാനദണ്ഡങ്ങൾ രൂപപ്പെടുത്തുകയും ചെയ്തിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

## പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .168 — 12.07.2011-ൽ മറുപടിയ്ക്ക്

പൊതുസർവ്വീസ് രൂപീകരിക്കുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീ.കെ.രാജു<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ | | ബഹു.മുഖ്യമന്ത്രി | |
| (എ) | പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് പൊതുസർവ്വീസ് രൂപീകരിക്കുന്നതിനുള്ള ഉത്തരവ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇപ്രകാരം എന്തെങ്കിലും ഉത്തരവുകൾ നിലവിലുണ്ടോ; | (എ) | ഉണ്ട്. 26.02.2011-ലെ സ.ഉ.(കൈ) നം.61/2011/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 2.4.2011 മുതൽക്ക് പ്രാബല്യത്തിൽ വരത്തക്കവിധം പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന് പൊതുസർവ്വീസ് രൂപീകരിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഇതിലേക്ക് നിയമാനുസൃതമായി സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ദീർഘകാല കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭരണാനുമതിയും നിർവ്വഹണവും നടത്തുന്നതിനുള്ള ഉന്നതാധികാര സമിതി ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരം സമിതി രൂപീകരിക്കുമോ? | (ബി) | എം.പി./എം.എൽ.എ. ഫണ്ട് വിനിയോഗം സംബന്ധിച്ചും ഗ്രാമ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സമിതി രൂപീകരിച്ച് 2.7.2011-ലെ സ.ഉ.(സാധാ)നം.1589/2011/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 169 12.07.2011 ൽ മറുപടിക്ക്

ഇന്ധന വിലവർദ്ധനവുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ

ചോദ്യം

ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ.കെ.എൻ.എ.ഖാദർ :
ശ്രീ.എൻ.എ.നെല്ലിക്കുന്ന് :
ശ്രീ.കെ.എം.ഷാജി :

ഉത്തരം

ശ്രീ.കെ.എം.മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി)

(എ) ഇന്ധനവില വർദ്ധനവുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും, ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനുമായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചതെന്നും ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പെട്രോൾ, ഡീസൽ എന്നിവയുടെ വിലവർദ്ധനവുമൂലം വന്ന അധിക റവന്യൂ വരുമാനം വേണ്ടെന്നു വയ്ക്കുകയുണ്ടായി. പെട്രോൾ വില വർദ്ധനവുമൂലം സർക്കാരിന് വർഷത്തിൽ കിട്ടാവുന്ന അധിക റവന്യൂ വരുമാനമായ 132 കോടി രൂപ വേണ്ടെന്നു വയ്ക്കുകയും പെട്രോളിന്റെ നികുതി നിരക്ക് SRO 305/11 പ്രകാരം 29.01 % ൽ നിന്ന് 26.64% ആയി കുറയ്ക്കുകയും ചെയ്തു. ഇത് 19-5-2011 മുതൽ പ്രാബല്യത്തിൽ വന്നു. ഇതു പ്രകാരം പെട്രോളിന് ലിറ്ററിന് 1 രൂപ 22 പൈസയുടെ കുറവുണ്ടാകുകയും ചെയ്തു.

തുടർന്ന് കേന്ദ്ര സർക്കാർ 25-06-2011 നാണ് ഡീസലിന്റെയും പാചകവാതകത്തിന്റെയും വില വർദ്ധിപ്പിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ ഡീസലിന്റെ വില വർദ്ധനവിനെ തുടർന്ന് വാർഷിക അധിക വരുമാനമായ 156.84 കോടി രൂപ വേണ്ടെന്നു വയ്ക്കുകയും SRO No.388/2011 പ്രകാരം ഡീസലിന്റെ നികുതി നിരക്ക് 24.69 % നിന്നും 22.60% ആയി കുറയ്ക്കുകയും ഇതു പ്രകാരം

| | |
|---|---|
| | ഡീസലിന് ലിറ്ററിന് 75 പൈസയുടെ കുറവുണ്ടാകുകയും ചെയ്യും. |
| (ബി) ഇതുമൂലം സംസ്ഥാന സർക്കാരിന്റെ വരുമാനത്തിലുണ്ടാകുന്ന നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (ബി) പെട്രോൾ വില വർദ്ധനവിനെ തുടർന്ന് സർക്കാരിന് വർഷത്തിൽ കിട്ടാവുന്ന അധിക വരുമാനമായ 132 കോടി രൂപയും ഡീസലിന് 156.84 കോടി രൂപയുമാണ് സംസ്ഥാന സർക്കാർ വേണ്ടെന്നു വച്ചത്. |
| (സി) മുൻ സർക്കാരിന്റെ ഭരണകാലത്ത് ഇന്ധനവിലയിൽ എത്ര പ്രാവശ്യം വർദ്ധനവുണ്ടായിട്ടുണ്ട് ; | (സി) മുൻ സർക്കാരിന്റെ ഭരണകാലത്ത് പെട്രോളിന് 16 തവണയും ഡീസലിന് 10 തവണയും ഇന്ധനവിലയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. |
| (ഡി) ഈ വർദ്ധനവുമൂലം നികുതിയിനത്തിൽ അഞ്ച് വർഷം കൊണ്ട് സംസ്ഥാന സർക്കാരിനുണ്ടായ വരുമാന വർദ്ധനവ് എത്രയായിരുന്നു എന്ന് വെളിപ്പെടുത്തുമോ ; | (ഡി) ഈ വർദ്ധനവുമൂലം നികുതിയിനത്തിൽ സംസ്ഥാന സർക്കാരിന് 666.07 കോടി രൂപയുടെ വരുമാന വർദ്ധനവുണ്ടായിട്ടുണ്ട്. |
| (ഇ) പ്രസ്തുത കാലയളവിൽ ഇന്ധനവിലക്കയറ്റത്തിന്റെ ആഘാതം കുറച്ച് ജനങ്ങൾക്ക് ആശ്വാസം നൽകാൻ ഈ ഇനത്തിലെ നികുതി വരുമാനത്തിൽ നിന്ന് എന്തെങ്കിലും ഇളവ് അനുവദിച്ചിരുന്നോ ? | (ഇ) പെട്രോളിയം ഉൽപന്നങ്ങളുടെ വില 5-6-2008 ൽ കേന്ദ്ര സർക്കാർ പെട്രോളിന് ലിറ്ററിന് 5 രൂപയും ഡീസലിന് ലിറ്ററിന് 3 രൂപയും എന്ന നിരക്കിൽ കൂട്ടിയതിനെ തുടർന്ന് ആ തുകയിൻമേൽ ലഭിക്കുമായിരുന്ന അധിക വിൽപന നികുതി സംസ്ഥാന സർക്കാർ വേണ്ടെന്നു വയ്ക്കുകയുണ്ടായി. ഇതിനായി പെട്രോളിൻമേൽ നിലവിലുണ്ടായിരുന്ന നികുതി നിരക്ക് 29.01% നിന്ന് 26.03% മായും ഡീസലിൻമേൽ 24.69 ശതമാനത്തിൽ നിന്ന് 22.49% മായി കുറച്ചു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 170

12-07-2011 ൽ
മറുപടിക്ക്

## അനധികൃതമായ ഭൂമി രജിസ്ട്രേഷൻ തടയാൻ നടപടി

**ചോദ്യം**

ശ്രീ.. സി.കെ. സദാശിവൻ:
,, കെ.വി. വിജയദാസ്:
,, പുരുഷൻ കടലുണ്ടി:
,, എസ്. രാജേന്ദ്രൻ:

(എ) കള്ളപ്രമാണങ്ങൾ തടയുന്നതിന് ആധാരങ്ങളിൽ ഫോട്ടോയും വിരൽപതിപ്പും നിർബന്ധമാക്കിയ മുൻ സർക്കാരിന്റെ നടപടിക്ക് മെച്ചപ്പെട്ട ഫലം കണ്ടുതുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് അനധികൃതമായി ഭൂമി രജിസ്ട്രേഷൻ നടക്കാതിരിക്കാൻ കൂടുതലായി എന്തെങ്കിലും നടപടി സ്വീകരിക്കേണ്ടതുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**ഉത്തരം**

ശ്രീ. . ടി.എം. ജേക്കബ്
( ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിലയിരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ, ഭൂമിയുടെ നിയമവിരുദ്ധ രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നതിന് സർക്കാരിന് അധികാരം നൽകുന്ന വിധത്തിൽ രജിസ്ട്രേഷൻ നിയമത്തിൽ ഭേദഗതി വരുത്തുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 171

12/07/2011 ൽ മറുപടിക്ക്

**റേഷൻ വിതരണം സുതാര്യമാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.എ.കെ.ബാലൻ<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>ഡോ.കെ.ടി.ജലീൽ | ശ്രീ. ടി.എം.ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ റേഷൻ വിതരണത്തിൽ തിരിമറികൾ നടക്കുന്നുണ്ടെങ്കിൽ അത് സംബന്ധിച്ച പരിശോധന സുതാര്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ റേഷൻ വിതരണത്തിൽ നടക്കുന്ന തിരിമറികളെ സംബന്ധിച്ച പരിശോധന സുതാര്യമായി നടക്കുന്നുണ്ട്. ഓരോ വിഭാഗം കാർഡിനും ലഭിക്കുന്ന റേഷൻ സാധനങ്ങളുടെ അളവും വിലയും പത്രമാധ്യമങ്ങളിൽ കൂടി പ്രസിദ്ധീകരിക്കുകയും എല്ലാ റേഷൻ കടകളിലും ബോർഡുകളിൽ രേഖപ്പെടുത്തുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇത് ഉറപ്പാക്കുവാൻ പരിശോധന ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. എഫ്.സി.ഐ. ഗോഡൗണുകളിൽ റേഷൻ സാധനങ്ങളുടെ കയറ്റ്-ഇറക്ക് സമയത്ത് സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പാക്കിയിട്ടുണ്ട്. മാത്രമല്ല എഫ്.സി.ഐ ഗോഡൗണുകളിൽ നിന്നും വിതരണകേന്ദ്രത്തിലേക്ക് റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനത്തിന്റെ മുമ്പിലും പിറകിലും റേഷനിംഗ് എന്ന ബോർഡ് വയ്ക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. റേഷൻ കടകളിൽ തൂക്കവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ ഒഴിവാക്കുവാനായി എല്ലാ റേഷൻകടകളിലും ഇലക്ട്രോണിക് ത്രാസ്സ് നിർബന്ധമാക്കിയിട്ടുണ്ട്. റേഷൻ വ്യാപാര സ്ഥാപനങ്ങളിൽ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ എല്ലാ മാസവും പരിശോധന നടത്താറുണ്ട്. |

| | | | |
|---|---|---|---|
| (ബി) | റേഷൻ കടകളിൽകൂടി വിതരണം ചെയ്യേണ്ട സാധനങ്ങൾ പൊതു വിപണിയിൽ മറിച്ചുവിൽക്കുന്നു വെന്ന ആക്ഷേപം ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ ; | (ബി) | റേഷൻ കടകളിൽ കൂടി വിതരണം ചെയ്യേണ്ട സാധനങ്ങൾ പൊതുവിപണിയിൽ മറിച്ചുവിൽക്കുന്ന ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | റേഷൻ കടകളിൽ എത്തുന്ന കാർഡുടമകൾക്ക് അവർക്ക് ലഭിക്കേണ്ട റേഷൻ സാധനങ്ങളുടെ അളവെത്രയെന്ന് അറിയാൻ നിലവിൽ സംവിധാനങ്ങളുണ്ടോ ? | (സി) | ഓരോ വിഭാഗം റേഷൻ കാർഡിനും ഓരോ മാസവും ലഭിക്കുന്ന റേഷൻ സാധനങ്ങളുടെ അളവ് അതാത് റേഷൻകടകളുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. മാത്രമല്ല, പ്രസ്തുത വിവരങ്ങൾ പത്രമാധ്യമങ്ങളിൽ കൂടി പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 172 12-07-2011-ൽ മറുപടിയ്ക്ക്

## നിയമ പരിഷ്ക്കരണ കമ്മിറ്റി സമർപ്പിച്ച നിയമപരിഷ്ക്കരണം സംബന്ധിച്ച റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| * 172 ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |

| | ചോദ്യം | ഉത്തരം |
| --- | --- | --- |
| (എ) | നിയമപരിഷ്ക്കരണം സംബന്ധിച്ച കാര്യങ്ങൾ പഠിച്ച് ശുപാർശ സമർപ്പിക്കാൻ ജസ്റ്റിസ്. വി. ആർ. കൃഷ്ണയ്യർ ചെയർമാനായുള്ള ഒരു കമ്മിറ്റിയെ മുൻ സർക്കാരിന്റെ കാലത്ത് നിയോഗിച്ചിരുന്നോ; | നിയോഗിച്ചിരുന്നു. |
| (ബി) | പ്രസ്തുത കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; എങ്കിൽ എന്നാണ് സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ; | സമർപ്പിച്ചിരുന്നു; 2009 ജനുവരി 26ന്. |

| | | |
|---|---|---|
| (സി) | ഇത് സംബന്ധിച്ച റിപ്പോർട്ടിന്മേൽ മുൻ സർക്കാർ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കുമോ; ഇത് സംബന്ധിച്ച നടപടി റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ; | 31-03-2010-ലെ ജി. ഒ. (എം.എസ്). 62/2010/ നിയമം നമ്പർ ഉത്തരവ് മുഖേന ഏഴ് അംഗങ്ങൾ അടങ്ങിയ ഒരു കാബിനറ്റ് സബ് കമ്മിറ്റി രൂപീകരിക്കുകയും റിപ്പോർട്ട് പഠിച്ച് നടപ്പിലാക്കാൻ കഴിയുന്ന വിഷയങ്ങളെ സംബന്ധിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുവാനും ചുമതലപ്പെടുത്തുകയും ചെയ്തു. 05-05-2010-ലെ സ. ഉ.(എം.എസ്) നം.179/2010/പൊ.ഭ.വ. പ്രകാരം മുൻസർക്കാരിന്റെ 4-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് പുറപ്പെടുവിച്ച കർമ്മപദ്ധതികളിൽ നിയമ പരിഷ്ക്കരണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ വിവാദ നിയമങ്ങൾ ഒഴിവാക്കി ബാക്കിയുള്ളവ പ്രത്യേക സമ്മേളനം വിളിച്ച് ചേർത്ത് മുൻഗണനാക്രമത്തിൽ നിയമ നിർമ്മാണം നടത്തുന്നതിന് തീരുമാനിച്ചിരുന്നു. പ്രസ്തുത കാബിനറ്റ് സബ് കമ്മിറ്റി 02-09-2010, 03-11-2010 എന്നീ തീയതികളിൽ യോഗം ചേരുകയും റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. അതു പ്രകാരം പൊതുവായ 24 ശുപാർശകളും 20 പുതിയ ബില്ലുകളും 20 ഭേദഗതി ബില്ലുകളും 8 ചട്ടങ്ങൾ/ റെഗുലേഷനുകളുടെ ഭേദഗതികളും ഉടൻ |

പരിഗണിക്കാവുന്നവയാണെന്നും മറ്റുള്ളവ വിശദമായ ചർച്ചകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ പരിഗണിക്കാവുന്നതാണെന്നും ശുപാർശ ചെയ്തിരുന്നു. കാബിനറ്റ് സബ് കമ്മിറ്റിയുടെ പ്രസ്തുത റിപ്പോർട്ട് 02-02-2011-ലെ 5742-ാം നമ്പർ ഇനമായി അന്നത്തെ മന്ത്രിസഭ അംഗീകരിച്ചു.

മന്ത്രിസഭയുടെ തീരുമാന പ്രകാരം മന്ത്രിസഭാ ഉപസമിതിയുടെ റിപ്പോർട്ടിൽ ശുപാർശ ചെയ്ത പൊതുശുപാർശകളും, ബില്ലുകളും ചട്ടങ്ങളും റെഗുലേഷനുകളും ഉടൻ തന്നെ നിയമ നിർമ്മാണത്തിനായും മറ്റ് ആവശ്യമായ തുടർനടപടികൾ സ്വീകരിയ്ക്കുന്നതിലേക്കുമായും എല്ലാ ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്കും, കാബിനറ്റ് സബ് കമ്മിറ്റിയുടെ റിപ്പോർട്ടും ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ സമർപ്പിച്ച റിപ്പോർട്ടും സഹിതം, അയച്ചു കൊടുത്തിട്ടുള്ളതുമാകുന്നു. ഇപ്രകാരം സ്വീകരിച്ച നടപടികൾ ഉൾപ്പെടുത്തിയ കുറിപ്പ് നിയമ പരിഷ്ക്കരണ കമ്മീഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

| | | |
|---|---|---|
| (ഡി) | ബന്ദ് പോലുള്ള സമര പരിപാടികൾക്കെതിരെ നിയമമുണ്ടാക്കണമെന്ന് റിപ്പോർട്ടിൽ ശുപാർശയുണ്ടായിരുന്നോ; എങ്കിൽ അക്കാര്യത്തിൽ മുൻസർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; | സംസ്ഥാനത്ത് ഹർത്താലും ബന്ദും നിരോധിക്കാനുള്ള നിർദ്ദേശം റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു. ഇക്കാര്യം പിന്നീട് പരിഗണിക്കുന്നതായിരിക്കും ഉചിതം എന്നു തീരുമാനിച്ചിരുന്നു. |
| (ഇ) | റിപ്പോർട്ടിലെ ശുപാർശകളിന്മേൽ ഈ സർക്കാർ തുടർനടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | സർക്കാരിന്റെ പരിഗണനയിലാണ്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 173 — 12.07.2011 ൽ മറുപടിക്ക്

## പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധന

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജി.എസ്.ജയലാൽ :<br>ശ്രീ. സി.ദിവാകരൻ :<br>ശ്രീ.കെ.അജിത് :<br>ശ്രീമതി.ഇ.എസ്.ബിജിമോൾ : | | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി ) |
| (എ) | സംസ്ഥാനത്ത് പാചക വാതകത്തിനും, ഡീസലിനും വില വർദ്ധനവുണ്ടായിട്ടുണ്ടോ ; എങ്കിൽ എന്നു മുതലാണ് കൂടിയ വില നിലവിൽ വരുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. കേന്ദ്ര സർക്കാർ 25-06-2011 നാണ് ഡീസലിന്റെയും പാചകവാതകത്തിന്റെയും വില വർദ്ധിപ്പിച്ചത്. |
| (ബി) | സിലിണ്ടർ ഒന്നിന് എത്ര രൂപ വർദ്ധിപ്പിക്കുന്നതിനാണ് തീരുമാനമുണ്ടായിട്ടുള്ളത്; ഈ സിലിണ്ടറിന് സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന വിലയും വർദ്ധിപ്പിച്ച വിലയും എത്രയാണെന്ന് വെളിപ്പെടുത്തുമോ ; | (ബി) പാചക വാതക സിലിണ്ടറിന് 50 രൂപയുടെ വർദ്ധനവാണ് കേന്ദ്ര സർക്കാർ വരുത്തിയത്. ഇതു പ്രകാരം തിരുവനന്തപുരം ജില്ലയിൽ ഗാർഹികോപയോഗത്തിനുള്ള പാചക വാതക സിലിണ്ടറിന്റെ വില 14.10 രൂപ നികുതി ഉൾപ്പടെ366.55 രൂപയായിരുന്നത് 16.10 രൂപ നികുതി ഉൾപ്പടെ 418.54 രൂപയായി വർദ്ധിച്ചു. മറ്റു ജില്ലകളിൽ ട്രാൻസ്പോർട്ടേഷൻ ചിലവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയുടെ വിലയിൽ നിന്നും നേരിയ വ്യത്യാസം വരുന്നതാണ്. |
| (സി) | പാചക വാതകത്തിന്റെയും പെട്രോളിന്റെയും ഡീസലിന്റെയും മണ്ണെണ്ണയുടെയും വിലവർദ്ധനവ് സംസ്ഥാ | (സി) ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ, പെട്രോളിയം ഉൽപന്നങ്ങളുടെ വിലവർദ്ധനവ് പൊതുവിൽ അവശ്യ വസ്തുക്കളുടെ |

| | |
|---|---|
| നമ്മുടെ ജനങ്ങളെ ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ | വിലനിലവാരം ഉയരുന്നതിനും തദ്വാര ജീവിത ചെലവ് വർദ്ധിക്കുന്നതിനും കാരണമായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വിലയിൽ നിന്നുണ്ടായ വർദ്ധനവ് വിലയിരുത്തുകയും വില നിയന്ത്രണത്തിനുള്ള നടപടികളും ചില ആശ്വാസ നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഡീസലിന്റെ വിലവർദ്ധനവു മൂലം സർക്കാരിനു ലഭിക്കുമായിരുന്ന അധിക വരുമാനം ഉപേക്ഷിച്ചതു വഴി ഡീസൽ വില ലിറ്ററിന് 75 പൈസ കുറഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നം.174. 12.07.2011-ൽ മറുപടിയ്ക്ക്.

### പെന്റിംഗ് ഫയലുകൾ തീർപ്പാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ ഖാദർ<br>ശ്രീ. എം.ഉമ്മർ<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. പി. ഉബൈദുള്ള | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാരിന്റെ വിവിധ ഓഫീസുകളിൽ തീർപ്പാക്കാതെ കിടക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്ന നടപടികളുടെ പുരോഗതി വിലയിരുത്താൻ എന്തൊക്കെ സംവിധാനങ്ങളേർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന സർക്കാരിന്റെ വിവിധ ഓഫീസുകളിൽ തീർപ്പാക്കാതെ കിടക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുക എന്ന വിഷയം സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തുകയും, 2011-ജൂലൈ-ആഗസ്റ്റ് എന്നീ മാസങ്ങൾ തീവ്ര ഫയൽ തീർപ്പാക്കൽ മാസങ്ങളായി ആചരിക്കുന്നതിനും കെട്ടിക്കിടക്കുന്ന വർഷങ്ങൾ പഴക്കമുള്ള ഫയലുകൾ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ 30.06.2011-ലെ 9661/AR/14(2)/11/ഉഭപവ. നമ്പർ സർക്കുലർ പ്രകാരം എല്ലാ ഗവൺമെന്റ് സെക്രട്ടറിമാർക്കും, വകുപ്പ് അദ്ധ്യക്ഷൻമാർക്കും നൽകുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം ഓരോ വകുപ്പിലും തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ ആറുമാസം മുതൽ ഒരുവർഷം വരെ പഴക്കമുള്ളവ, ഒരുവർഷം മുതൽ രണ്ട് വർഷംവരെ പഴക്കമുള്ളവ, രണ്ട് വർഷത്തിൽകൂടുതൽ പഴക്കമുള്ളവ, എന്നിങ്ങനെ തരം തിരിച്ച് ഓരോന്നും തീർപ്പാക്കിയതിന്റെ വിശദാംശങ്ങൾ ജൂലായ്-ആഗസ്റ്റ് മാസങ്ങളിൽ ദ്വൈവാര റിപ്പോർട്ടായി സർക്കാരിനെ അറിയിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.(നിർദ്ദിഷ്ഠ പ്രഫോർമയിൽ) |

| | | | |
|---|---|---|---|
| (ബി) | തീർപ്പാക്കാൻ അവശേഷിക്കുന്നവയിൽ അഞ്ചു വർഷത്തിൽ കൂടുതൽ പഴക്കമുള്ളവയെക്കുറിച്ച് വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | (ബി) | ഉണ്ട്. 2011-ഏപ്രിൽ 30-വരെയുള്ള കണക്ക് പ്രകാരം രണ്ട് വർഷത്തിൻമേൽ പഴക്കമുള്ള 17,367 ഫയലുകൾ സെക്രട്ടേറിയറ്റിലും 40,424 ഫയലുകൾ വകുപ്പ് മേധാവികളുടെ ഓഫീസുകളിലും തീർപ്പാകാതെ കിടപ്പുണ്ട്. |
| (സി) | വർഷങ്ങൾ പഴക്കമുള്ള ഫയലുകളിൽ അന്തിമതീരുമാനം കൈക്കൊണ്ട് അവസാനിപ്പിക്കുന്നതിന് പകരം കൂടുതൽ വിവരങ്ങൾ തേടിക്കൊണ്ടും മറ്റു കാരണങ്ങൾ ചൂണ്ടിക്കാട്ടിയും പെന്റിംഗ് ഫയൽ താൽക്കാലികമായി അവസാനിപ്പിക്കുന്ന രീതി ഒഴിവാക്കാൻ ശ്രദ്ധിക്കുമോ; | (സി) | വർഷങ്ങൾ പഴക്കമുള്ളതും കോടതിയുമായി ബന്ധപ്പെട്ടതോ, ഇത്തരത്തിലുള്ള സമാനമായ സ്ഥാപനങ്ങളുമായോ ബന്ധപ്പെട്ട് തീരുമാനമെടുക്കുവാൻ സാധിക്കാതെവരുന്ന ഫയലുകളിൽ ചിലപ്പോൾ, ചില വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഫയൽ താൽകാലികമായി തീർപ്പാക്കുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഓഫീസ് /കോടതി എന്നിവയിൽ നിന്നും റിപ്പോർട്ട്/ഉത്തരവ് വന്നാലുടൻ തന്നെ ഇത്തരം ഫയലുകളിൽ അന്തിമ തീരുമാനമെടുത്ത് സ്ഥിരമായി തീർപ്പാക്കാറുണ്ട്. |
| (ഡി) | സമയബന്ധിതമായും സുതാര്യമായും പെന്റിംഗ് ഫയലുകളിൽ തീരുമാനമെടുക്കുന്ന കാര്യത്തിൽ കൂടുതൽ നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ഡി) | ഉണ്ട്. കാലപ്പഴക്കമുള്ള സർക്കാർ ഫയലുകൾ സമയബന്ധിതമായും അടിയന്തിരമായും തീർപ്പാക്കുന്ന കാര്യം സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തയിട്ടുണ്ട്. 2011-ജൂലൈ-ആഗസ്റ്റ് എന്നീ മാസങ്ങൾ തീവ്ര ഫയൽ തീർപ്പാക്കൽ മാസങ്ങളായി ആചരിച്ച് , കാലപ്പഴക്കമുള്ള ഫയലുകൾ അടിയന്തിരമായി തീർപ്പാക്കുവാൻ എല്ലാ ഗവൺമെന്റ് സെക്രട്ടറിമാർക്കും, വകുപ്പ് അദ്ധ്യക്ഷൻമാർക്കും, 30.06.2011-ലെ 9661/AR/14(2)/11/ഉഭപവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നല്കിയിട്ടുണ്ട്. |

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 175 12.07.11 ൽ- മറുപടിക്ക്

## റേഷൻ കടകൾ നിലനിർത്താൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി. തിലോത്തമൻ;<br>ശ്രീ. വി.എസ്.സുനിൽകുമാർ;<br>ശ്രീ. ഇ.എസ്.ബിജിമോൾ;<br>ശ്രീ.ചിറ്റയം ഗോപകുമാർ; | | ശ്രീ.ടി.എം.ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി.) |
| (എ) സംസ്ഥാനത്ത് ആകെ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്; മൊത്ത വ്യാപാര ഡിപ്പോകൾ എത്രയുണ്ട്; | (എ) | സംസ്ഥാനത്ത് നിലവിൽ 14,247 റേഷൻ ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്. അരി മൊത്ത വ്യാപാര ഡിപ്പോ - 334, മണ്ണെണ്ണ മൊത്ത വ്യാപാര ഡിപ്പോ - 291 എന്നിവ നിലവിലുണ്ട്. |
| (ബി) ഭക്ഷ്യ സുരക്ഷാ നിയമം പ്രാബല്യത്തിൽ വരുമ്പോൾ സംസ്ഥാനത്ത് റേഷൻ കടകൾ നിലനിൽക്കാൻ സാദ്ധ്യതയുണ്ടോ; ഇല്ലെങ്കിൽ റേഷൻ കടകൾ സംരക്ഷിച്ചു നിലനിർത്തുന്നതിന് പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;<br>(സി) ഭക്ഷ്യ സുരക്ഷാ നിയമം പ്രാബല്യത്തിൽ വരുമ്പോൾ സംസ്ഥാനത്ത് നിലനിൽക്കുന്ന മികച്ച പൊതുവിതരണ സമ്പ്രദായം സംരക്ഷിച്ചു നിലനിർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) & (സി) | നിലവിലുള്ളപൊതുവിതരണ സംവിധാനം നിലനിർത്തികൊണ്ടുതന്നെ നിർദ്ദിഷ്ട ഭക്ഷ്യ സുരക്ഷാ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുക എന്നതാണ് സർക്കാരിന്റെ നയം |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 176 12-7-2011-ലെ മറുപടിക്ക്**

**തീരദേശ സംരക്ഷണത്തിന് ഏകോപന സംവിധാനം**

**ചോദ്യം**
ശ്രീ. പി. ബി. അബ്ദുൾ റസാക്
ശ്രീ. റ്റി. എ. അഹമ്മദ് കബീർ
ശ്രീ. കെ. എം. ഷാജി
ശ്രീ. സി. മോയിൻകുട്ടി

**മറുപടി**
ശ്രീ. ഉമ്മൻ ചാണ്ടി, ബഹു. മുഖ്യമന്ത്രി

എ) സംസ്ഥാനത്തിന്റെ സമുദ്രാതിർത്തിക്കുള്ളിൽ ഭീകര പ്രവർത്തനങ്ങളും കടൽക്കൊള്ളയും തടയാൻ കേന്ദ്ര സർക്കാരുമായി സഹകരിച്ച് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

എ). സംസ്ഥാനത്ത് സമുദ്രാതിർത്തി വഴിയുള്ള ഭീകര പ്രവർത്തനം തടയുന്നതിന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ആദ്യഘട്ടത്തിൽ എട്ടും, രണ്ടാം ഘട്ടത്തിൽ പത്തും തീരദേശ പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. ഇതിൽ വിഴിഞ്ഞം, നീണ്ടകര, ഫോർട്ടു കൊച്ചി, അഴീക്കോട്, ബേപ്പൂർ തലങ്ങര എന്നീ സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. പ്രവർത്തനം ആരംഭിച്ച പോലീസ് സ്റ്റേഷനുകളിൽ നിന്നും ദിവസവും തീരദേശ സുരക്ഷാ പട്രോളിംഗ് നടത്തി വരുന്നു. പട്രോളിംഗിനായി കേന്ദ്ര സർക്കാർ രണ്ടു ഘട്ടങ്ങളിലായി 44 ബോട്ടുകൾ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. ഇതിൽ 24 ബോട്ടുകൾ ലഭിച്ചിട്ടുണ്ട്. തീരദേശ പോലീസ് സ്റ്റേഷനുകളിലേക്ക് ആവശ്യമായ തസ്തികകളി

ലേക്കും ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക തൊഴിലാളികളുടെ തസ്തികകളിലേക്കും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തീരദേശ സുരക്ഷ ശക്തിപ്പെടുത്തുന്നതിനായി 74 കടലോര ജാഗ്രതാ സമിതികളും 2 കായലോര ജാഗ്രതാ സമിതികളും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. തീരദേശ പോലീസ്, നാവിക സേന, കോസ്റ്റ് ഗാർഡ് എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുള്ള ചുമതല കോസ്റ്റ് ഗാർഡിനാണ്.

ബി). തീരപ്രദേശ മൽസ്യ തൊഴിലാളികളുടെ സേവനവും സഹായവും ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്താനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ;

ബി). കടൽ കടന്നു വരുന്ന ഭീകര പ്രവർത്തനത്തിൻേറയും നിയമ വിരുദ്ധ പ്രവർത്തനങ്ങളുടെയും നുഴഞ്ഞു കയറ്റത്തിൻേറയും പശ്ചാത്തലത്തിൽ തീരദേശ സുരക്ഷ ശക്തിപ്പെടുത്തുന്നതിനായി കടലോര വുമായി അടുത്തിടപഴകുന്ന മൽസ്യതൊഴിലാളികളുടെയും അവർക്കുവേണ്ടി പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്ത് 74 കടലോര ജാഗ്രതാ സമിതികളും 2 കായലോര ജാഗ്രതാ സമിതികളും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. അതുപോലെ പ്രാദേശിക ജാഗ്രതാ സമിതിയും പ്രാദേശിക ജാഗ്രതാ ഉപസമിതിയും ജില്ലാ തലത്തിൽ ജില്ലാ ജാഗ്രതാ സമിതിയും പ്രവർത്തിച്ചു വരുന്നു. കടലോര ജാഗ്രതാ സമിതി പ്രവർത്തകർ അസ്വാഭാവികമായി

കടലിൽ അപരിചിതരായ ആളുകൾ, ബോട്ടുകൾ സംശയകരമായ ചരക്കു നീക്കങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട തീരദേശ പോലീസ് സ്റ്റേഷനുകളിൽ വിവരം അറിയിച്ചു വരുന്നു. ഇതിനായി 1093 എന്ന ടോൾ ഫ്രീ നംപർ ലഭ്യമായിട്ടുണ്ട്.

സി). സംസ്ഥാന സർക്കാരിന്റെ കീഴിലെ തീരദേശ പോലീസും കോസ്റ്റ് ഗാർഡും നേവിയും പോർട്ട് അധികൃതരും കസ്റ്റംസും തമ്മിൽ ഇക്കാര്യത്തിൽ ഏകോപിച്ചു പ്രവർത്തിക്കുന്നതിനുള്ള ഒരു സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരമൊരു സംവിധാനം നടപ്പിലാക്കുന്നത് പരിഗണിക്കുമോ;

സി). ഉണ്ട്; തീരദേശ സുരക്ഷ ഉറപ്പാക്കാനായി സംസ്ഥാന സർക്കാരിന്റെ കീഴിലെ തീരദേശ പോലീസ്, കോസ്റ്റ് ഗാർഡ്, നാവിക സേന എന്നിവരുടെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം സുഗമമാക്കാനായി കൊച്ചിയിൽ ജോയിന്റ് ഓപ്പറേഷൻ സെന്റർ (JOC) നേവിയുടെ നേതൃത്വത്തിൽ ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു.

ഡി). കടലിൽ പോകുന്ന മൽസ്യതൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിൽ ഈ സംയുക്ത സംവിധാനത്തെ ഉപയോഗപ്പെടുത്താൻ ശ്രമിക്കുമോ?

ഡി). നിലവിൽ ഈ സംവിധാനം ഇക്കാര്യത്തിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. കൂടാതെ കടലിൽ പോകുന്ന മൽസ്യതൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാനായി കടൽ സുരക്ഷാ പദ്ധതികൾ മൽസ്യബന്ധന വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ . *177 12/07/2011 ൽ മറുപടിക്ക്

### പോലീസ് സേനയെ ക്രിമിനൽമുക്തമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ:<br>ശ്രീ.എം.ഹംസ:<br>ശ്രീ.ബി.ഡി.ദേവസ്സി:<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ. | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

| | |
|---|---|
| (എ) പോലീസ് സേനയെ ക്രിമിനൽ മുക്തമാക്കണമെന്ന ഹൈക്കോടതിയുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ക്രിമിനൽ പശ്ചാത്തലമുള്ള പോലീസുകാരുടെ വിവരങ്ങൾ ഡി.ജി.പി. ശേഖരിച്ചിട്ടുണ്ടോ ; | (ബി) ക്രിമിനൽ പശ്ചാത്തലമുള്ള പോലീസുകാരുടെ വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. |
| (സി) ഇക്കാര്യത്തിൽ, വിശദമായ റിപ്പോർട്ട് കോടതി ആവശ്യപ്പെട്ടിട്ടുണ്ടോ ; കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ ; | (സി) ഉണ്ട്. ഇത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ എ.ഡി.ജി.പി (അഡ്മിനിസ്ട്രേഷൻ) ചെയർമാനായും എ.ഡി.ജി.പി (ഇന്റലിജൻസ്), ഡി.ഐ.ജി. (എ.പി. ബറ്റാലിയൻ) എന്നിവർ അംഗങ്ങളായും ഒരു മൂന്നംഗ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) ക്രിമിനൽ പശ്ചാത്തലമുള്ളവരായി കണക്കാക്കപ്പെട്ട പോലീസ് ഓഫീസർമാരുടെ കാര്യത്തിൽ സർക്കാർ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ഡി) സംസ്ഥാനത്ത് ക്രിമിനൽ പശ്ചാത്തലമുള്ള പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിനും അനന്തര നടപടികൾ സ്വീകരിക്കുന്നതിനും വേണ്ട നടപടികൾ വകുപ്പുതലത്തിൽ കൈക്കൊണ്ടുവരുന്നു. പോലീസ് ഉദ്യോഗസ്ഥരുടെ |

| | |
|---|---|
| | വ്യക്തി ജീവിതം നിരീക്ഷിക്കുവാനും അവരുടേയും കുടുംബാംഗങ്ങളുടേയും വരുമാന സ്രോതസ്സിനെപ്പറ്റി വിവരങ്ങൾ ശേഖരിക്കുവാനും നടപടികൾ എടുത്തിട്ടുണ്ട്. സർക്കാരിന്റെ നൂറു ദിന കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് പോലീസ് സേനയെ ക്രിമിനൽ വിമുക്തമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. *178 — 12.07.2011 ൽ മറുപടി പറയേണ്ടത്

**മലബാർ ഉത്തേജക പാക്കേജ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ.എം. മാണി<br>ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |

| ചോദ്യം | ഉത്തരം |
|---|---|
| (എ) മുൻ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച മലബാർ ഉത്തേജക പാക്കേജിൽ ഏതെല്ലാം പദ്ധതികൾ വിഭാവനം ചെയ്തിരുന്നു എന്ന് വ്യക്തമാക്കുമോ; | മലബാർ ഇറിഗേഷൻ പാക്കേജിൽ ഏഴ് വടക്കൻ ജില്ലകളിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ ആധുനികവത്കരണം, വി.സി.ബി. ചെക്ക് ഡാം, റെഗുലേറ്ററുകൾ മുതലായവയുടെ പുനരുദ്ധാരണവും നിർമ്മാണവും, കുറ്റ്യാടി ജലസേചന പദ്ധതിയുടെ ആധുനികവത്ക്കരണവും പുനരുദ്ധാരണവും എന്നീ പദ്ധതികളാണ് വിഭാവനം ചെയ്തിരുന്നത്.<br>ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് മലബാറിലെ അഞ്ച് ജില്ലകളിലെ 20 റോഡുകളുടെ നവീകരണത്തിന് സർക്കാർ ഭരണാനുമതി നൽകിയിരുന്നു.<br>തുറമുഖ വകുപ്പിൽ ബേപ്പൂർ അഴീക്കൽ എന്നീ തുറമുഖങ്ങളുടെ വികസനത്തിന് ഊന്നൽ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു.<br>പൊതുമരാമത്ത് വകുപ്പിൽ 274 കോടി രൂപയുടെ 98 പാലങ്ങളും 344 കോടി രൂപയുടെ 205 റോഡുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗത്തിൽ ഉൾപ്പെടുത്തി കോളേജ് ലൈബ്രറികൾ, ഹോസ്റ്റൽ നിർമ്മാണം, സ്കൂളുകൾ, ഓഡിറ്റോറിയം, ക്വാർട്ടേഴ്സ് നിർമ്മാണം, ക്ലാസ്സ് മുറികളുടെ നിർമ്മാണം എന്നിവയാണ് ഉൾപ്പെടുത്തിയിരിയ്ക്കുന്നത്. |
| (ബി). എത്ര തുകയ്ക്കുള്ള പദ്ധതികളാണ് പ്രഖ്യാപിച്ച-തെന്നും അവയിൽ എതെല്ലാം നടപ്പിൽ വരുത്തി എന്നും വ്യക്തമാക്കുമോ; | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ ആധുനിക വത്കരണത്തിനായി 209 സ്കീമുകൾക്ക് 52.76 കോടി രൂപയും ചെക്കു ഡാമുകൾ, റഗുലേറ്ററുകൾ, എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പുതിയവ നിർമ്മിക്കുന്നതിനുമായി 352 സ്കീമുകൾക്ക് 127.33 കോടി രൂപയും കുറ്റ്യാടി ജലസേചന പദ്ധതികളുടെ ആധുനിക വത്കരണത്തിനും പുനരുദ്ധാരണത്തിനുമായി 203 പ്രവൃത്തികൾക്ക് 35 കോടി രൂപയും ചെലവു വരുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ച 170 പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.<br>ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് മൊത്തം 86.17 കോടി രൂപയ്ക്കുള്ള പദ്ധതിയാണ് പ്രഖ്യാപിച്ചത്. പൊതുമരാമത്ത് |

| | |
|---|---|
| | ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ പശ്ചാത്തലവികസനത്തിനായി 5 കോടി രൂപ വീതം ഉൾപ്പെടുത്തുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. മേൽ പദ്ധതികൾക്കായുള്ള പ്രാരംഭനടപടികൾ നടന്നുവരുന്നു.<br>പൊതുമരാമത്തു വകുപ്പ് 6 വടക്കൻ ജില്ലകളിലുമായി 1064.68 കോടി രൂപയ്ക്ക് റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിന് മലബാർ ഉത്തേജക പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്.<br>കെട്ടിട വിഭാഗത്തിനായി 42.75 കോടി രൂപയുടെ പദ്ധതികളാണ് പ്രഖ്യാപിച്ചത്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി).അതിനാവശ്യമായ തുകകൾ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ജലസേചന പദ്ധതികൾക്കായി 2009-10, 2010-11, 2011-12 വർഷങ്ങളിൽ യഥാക്രമം 6600 ലക്ഷം, 3470 ലക്ഷം, 3692 ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ട്. ഉത്തേജക പദ്ധതിയിൽപ്പെട്ട ജലസേചന പ്രവൃത്തിയ്ക്കുള്ള വിഹിതവും ഈ ബഡ്ജറ്റ് വിഹിതത്തിൽ നിന്നാണ് വഹിക്കേണ്ടത്. ബേപ്പൂർ തുറമുഖത്തെ പാസഞ്ചർ ടെർമിനൽ പദ്ധതിക്കായി 2009-10 സാമ്പത്തിക വർഷത്തിൽ 45 ലക്ഷം രൂപയും അഴീക്കൽ തുറമുഖം (Sand Purification Unit) പദ്ധതിയ്ക്കായി 300ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. പൊതുമരാമത്തു വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് മലബാർ പാക്കേജിനായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. എന്നാൽ മാന്ദ്യവിരുദ്ധ പാക്കേജിനായി ഉൾപ്പെടുത്തിയിരിയ്ക്കുന്ന വിഹിതത്തിൽ നിന്നാണ് ഈ ആവശ്യത്തിനുള്ള തുക കണ്ടെത്തുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## പൊതുമരാമത്ത് കെട്ടിട വിഭാഗം

### മലബാർ പാക്കേജ്

### എ. മലബാർ പാക്കേജ് പ്രകാരം വിഭാവനം ചെയ്ത പ്രവൃത്തികൾ

1. കാസർഗോഡ് ഗവ: കോളേജിൽ ലൈബ്രറിയുടെ നിർമ്മാണം
2. കണ്ണിവയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോസ്റ്റലും ക്വാർട്ടേഴ്സും നിർമ്മാണം
3. നീലേശ്വരത്ത് എക്സൈസ് റേഞ്ച് ഓഫീസും ക്വാർട്ടേഴ്സും നിർമ്മാണവും
4. ഗവ: കോളേജ് കാസർഗോഡ് - ബോയ്സ് ഹോസ്റ്റൽ നിർമ്മാണം
5. കോടോത്ത് എച്ച്. എസ്.എസ് ൽ കെട്ടിട നിർമ്മാണം
6. മാലോത്ത് - കസബ - ജി. എച്ച്. എസ്.എസ് ൽ കെട്ടിട നിർമ്മാണം
7. കാസർഗോഡ് - ചായോം - ജി. എച്ച്. എസ്.എസ് ൽ കെട്ടിട നിർമ്മാണം
8. ചെറുവത്തൂർ ടി എച്ച് എസ് ൽ ഓഡിറ്റോറിയം - ലൈബ്രറി കെട്ടിട നിർമ്മാണം
9. തൃക്കരിപ്പൂർ എച്ച്. എസ്.എസ് ൽ കെട്ടിട നിർമ്മാണം
10. മടപ്പള്ളി ഗവ: കോളേജിൽ അക്കാദമിക് ബ്ലോക്ക് നിർമ്മാണം
11. മൊകേരി ഗവ: കോളേജിൽ പുതിയ ബ്ലോക്ക് നിർമ്മാണം
12. സി. കെ. ജി. എം പേരാമ്പ്രയിൽ പി. ജി. ബ്ലോക്ക് നിർമ്മാണം
13. കണ്ണൂർ നഴ്സിംഗ് സ്കൂൾ നിർമ്മാണം
14. മാടായി- ഐ.ടി.ഐ കെട്ടിട നിർമ്മാണം
15. ധർമ്മടം - ബ്രണ്ണൻ കോളേജിൽ അക്കാദമിക് & സെമിനാർ ബ്ലോക്ക് നിർമ്മാണം
16. ടി എച്ച് എസ് - നടുവിൽ കെട്ടിട നിർമ്മാണം
17. വി. കെ.കെ.എം. വിമൻസ് കോളേജിൽ കെട്ടിട നിർമ്മാണം
18. ഇ. കെ. നായനാർ മെമ്മോറിയൽ പോളിടെക്നിക് കല്യാശ്ശേരിയിൽ കെട്ടിട നിർമ്മാണം
19. എൻജിനീയറിംഗ് കോളേജ് കണ്ണൂരിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം
20. കൽപ്പറ്റ കെ. എൻ. എം. - ഐ.ടി.ഐ-ൽ അക്കാദമിക് ബ്ലോക്ക് നിർമ്മാണം
21. ചെറിയ മുണ്ടം ഗവ: ഹൈസ്കൂളിൽ +2 ബ്ലോക്കിൽ 18 ക്ലാസ് മുറികളുടെ നിർമ്മാണം

→

S.O.

ബി. ആകെ 4275 ലക്ഷം രൂപയുടെ പദ്ധതികളാണ് പ്രഖ്യാപിച്ചത്. അവയിൽ നടപ്പിൽവരുത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. കാസർഗോഡ് ഗവ: കോളേജ് - ബോയ്സ് ഹോസ്റ്റൽ നിർമ്മാണം
2. ചെറുവത്തൂർ ടി. എച്ച്. എസ്. ഓഡിറ്റോറിയം നിർമ്മാണം
3. എക്സൈസ് റേഞ്ച് ഓഫീസും ക്വാർട്ടേഴ്സും നിർമ്മാണം-നീലേശ്വരം
4. കോട്ടോത്ത് എച്ച്. എസ്.എസ് കാസർഗോഡ് കെട്ടിട നിർമ്മാണം
5. മാലോത്ത് - കസബ - ജി. എച്ച്. എസ്.എസ് ൽ കെട്ടിട നിർമ്മാണം
6. ചായോം - കാസർഗോഡ് - ജി. എച്ച്. എസ്.എസ് ൽ കെട്ടിട നിർമ്മാണം
7. തൃക്കരിപ്പൂർ ജി. എച്ച്. എസ്.എസ് ൽ കെട്ടിട നിർമ്മാണം
8. കാസർഗോഡ് ഗവ: കോളേജിൽ ലൈബ്രറി കെട്ടിട നിർമ്മാണം
9. അക്കാഡമിക് ബ്ലോക്ക് നിർമ്മാണം - ഗവ: ഐ.ടി.ഐ കൽപ്പറ്റ
10. ഐ.ടി.ഐ -മാടായിക്ക് വേണ്ടി കെട്ടിട നിർമ്മാണം - കണ്ണൂർ
11. നഴ്സിംഗ് സ്കൂൾ കണ്ണൂരിന് വേണ്ടി കെട്ടിട നിർമ്മാണം
12. ഇ. കെ. നായനാർ മെമ്മോറിയൽ പോളിടെക്നിക് - കല്യാശ്ശേരി
13. ചെറിയ മുണ്ടം - മലപ്പുറം - ഗവ: ഹൈസ്കൂളിൽ +2 ബ്ലോക്കിന്റെ നിർമ്മാണം
14. ബ്രണ്ണൻ കോളേജ് - ധർമ്മടത്തിന്റെ പുതിയ അക്കാഡമിക് & സെമിനാർ ബ്ലോക്ക് നിർമ്മാണം
15. ടി എച്ച് എസ് - നടുവിലിന് കെട്ടിട നിർമ്മാണം
16. വി. കെ.കെ.എം ഗവ: കോളേജിൽ പുതിയ ബ്ലോക്ക് നിർമ്മാണം
17. മടപ്പള്ളി ഗവ: കോളേജിന്റെ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം
18. എൻജിനീയറിംഗ് കോളേജ് കണ്ണൂരിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം

സി. ബഡ്ജറ്റിൽ (2011-12) വകയിരുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കാസർഗോഡ് ഗവ: കോളേജിൽ ലൈബ്രറിയുടെ നിർമ്മാണം - 4.27 ലക്ഷം
2. നീലേശ്വരത്ത് എക്സൈസ് റേഞ്ച് ഓഫീസും ക്വാർട്ടേഴ്സും നിർമ്മാണവും - 12.5 ലക്ഷം
3. ഗവ: കോളേജ് കാസർഗോഡ് - ബോയ്സ് ഹോസ്റ്റൽ നിർമ്മാണം - 5.34 ലക്ഷം
4. ചെറുവത്തൂർ ടി എച്ച് എസ് ൽ ആഡിറ്റോറിയം - ലൈബ്രറി കെട്ടിട നിർമ്മാണം - 4.67 ലക്ഷം
5. മടപ്പള്ളി ഗവ: കോളേജിൽ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം - 10.66 ലക്ഷം
6. മൊകേരി ഗവ: കോളേജിൽ പുതിയ ബ്ലോക്ക് നിർമ്മാണം - 10.66 ലക്ഷം
7. സി. കെ. ജി. എം പേരാമ്പ്രയിൽ പി. ജി. ബ്ലോക്ക് നിർമ്മാണം - 5.34 ലക്ഷം
8. മാടായി- ഐ.ടി.ഐ കെട്ടിട നിർമ്മാണം - 9.99 ലക്ഷം
9. ടി എച്ച് എസ് - നടുവിൽ കെട്ടിട നിർമ്മാണം - 2.92 ലക്ഷം
10. ഇ. കെ. നായനാർ മെമ്മോറിയൽ പോളിടെക്നിക് കല്യാശ്ശേരിയിൽ കെട്ടിട നിർമ്മാണം - 2.34 ലക്ഷം
11. എൻജിനീയറിംഗ് കോളേജ് കണ്ണൂരിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം - 0.70 ലക്ഷം
12. കൽപ്പറ്റ കെ. എൻ. എം. - ഐ.ടി.ഐ-ൽ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം - 14.90 ലക്ഷം

5.6.

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 179 — 12. 7.11 ൽ മറുപടിയ്ക്ക്

## തുറമുഖങ്ങൾ വഴി ചരക്കു ഗതാഗതം

**ചോദ്യം**

ശ്രീ. വി.പി.സജീന്ദ്രൻ

**മറുപടി**

ശ്രീ. കെ.ബാബു
(എക്സൈസും തുറമുഖവും
വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | കേരളത്തിലെ തുറമുഖങ്ങൾ വഴിയുള്ള ചരക്കുഗതാഗതം പ്രോത്സാഹിപ്പിക്കുന്നത് റോഡുകളിലെ തിരക്കു കുറയ്ക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ | ഉണ്ട്. |
| ബി | വല്ലാർപാടം, വിഴിഞ്ഞം തുറമുഖങ്ങൾ യാഥാർത്ഥ്യമാകുന്നതോടെ സംസ്ഥാനാന്തര ചരക്കു ഗതാഗതത്തിൽ എന്ത് വർദ്ധനവാണ് ഉണ്ടാകുന്നത് ; | ബി | കണക്കാക്കിയിട്ടില്ല. സംസ്ഥാനാന്തര ചരക്കു ഗതാഗതത്തിൽ ഗണ്യമായ വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി | എങ്കിൽ കേരളത്തിലെ ചെറുകിട തുറമുഖങ്ങൾ വികസിപ്പിക്കുന്നത് കേരളത്തിന്റെ സമഗ്ര വികസനത്തിന് വഴി തുറക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | സി | കേരളത്തിലെ 5 മൈനർ തുറമുഖങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. അഴീക്കൽ, പൊന്നാനി, ബേപ്പൂർ, ആലപ്പുഴ, കൊല്ലം എന്നീ തുറമുഖങ്ങളാണ് വികസിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ടി തുറമുഖങ്ങൾ വഴി ധാരാളം ചരക്ക് കൈകാര്യം ചെയ്യുവാൻ സാധിക്കുമെന്ന് കൺസൾട്ടന്റ് സമർപ്പിച്ച റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. തുറമുഖ വികസനത്തിനുള്ള നടപടികൾ ത്വരിതഗതിയിൽ നടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.180** 12.07.2011-ൽ മറുപടിക്ക്.

## ചെറുകിട വിമാനത്താവളങ്ങൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ: | | | ശ്രീ. കെ.ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്തെ വ്യോമഗതാഗതത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | | **(എ), (ബി), (സി) & (ഡി)**<br><br>ആകാശമാർഗ്ഗേയുള്ള ഗതാഗത സൗകര്യങ്ങൾക്കായി ചിലവാക്കുന്ന ഓരോ നൂറു രൂപയ്ക്കും 325 രൂപയുടെ ഗുണം രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് നല്കുമെന്നും, നേരിട്ടും, പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും മനസ്സിലാക്കിയതിനെ തുടർന്ന് സംസ്ഥാനത്തിനകത്ത് ആകാശമാർഗ്ഗേയുള്ള ഗതാഗത സൗകര്യം വികസിപ്പിക്കുന്നതിന് ഒരു സംസ്ഥാന വ്യോമയാന പദ്ധതി രൂപപ്പെടുത്തണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയം സംസ്ഥാന സർക്കാരിനോടാവശ്യപ്പെട്ടു. ഈ വിഷയത്തിൽ പ്രാപ്യസ്ഥാനങ്ങളിലേക്കുള്ള ചേർപ്പില്ലാതെയുള്ള എത്തിച്ചേരൽ (seamless transfer), വിവിധ ഗതാഗത സമ്പ്രദായങ്ങളുടെ സംയോജനം, സംസ്ഥാനത്തിനുള്ളിൽ ആകാശമാർഗ്ഗേയുള്ള ഗതാഗത സൗകര്യങ്ങൾ എന്നിവ ഈ വ്യോമയാന മേഖലയുടെ വികസന സാദ്ധ്യതയുടെ മുഖ്യ ഘടകങ്ങളാണെന്ന് മനസ്സിലാക്കി അവയെ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാന വ്യോമയാന പദ്ധതിയുടെ മുഖ്യ സവിശേഷതകളെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് സൃഷ്ടിക്കുവാൻ നിലവിലുള്ള എയർപോർട്ടുകളുമായും ജില്ലാ ഭരണകൂടങ്ങളുമായും മറ്റ് ബന്ധപ്പെട്ടവരുമായും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 16.5.2011-ന് യോഗം ചേരുകയും താഴെപ്പറയുന്ന വസ്തുതകൾ പ്രസക്തമാണെന്ന് തിരിച്ചറിയുകയും ചെയ്തു. |
| (ബി) | ടൂറിസം ഒരു വ്യവസായമായി അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാനത്ത് ചെറുകിട വിമാനത്താവളങ്ങൾ തുടങ്ങുന്നതിനുള്ള സാദ്ധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; | | |
| (സി) | റെയിൽവേ വികസനം നടന്നിട്ടില്ലാത്തതും എന്നാൽ ടൂറിസത്തിന് വളരെയേറെ സാദ്ധ്യതകളുള്ളതുമായ കേന്ദ്രങ്ങളിൽ വ്യോമ ഗതാഗതത്തിനുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എങ്ങനെയെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | ഇത്തരത്തിൽ ചെറുകിട വിമാനത്താവളങ്ങൾ തുടങ്ങുന്നതിന് കേന്ദ്രത്തിന്റെ സഹായം ലഭ്യമാക്കുന്നതിനായി എന്തെങ്കിലും പദ്ധതി സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | | ഏറ്റവും വേഗമേറിയ ട്രെയിൻ തിരുവനന്തപുരത്തു നിന്ന് കാസർഗോഡെത്തുവാൻ എട്ട് മണിക്കൂറും തിരുവനന്തപുരത്ത് നിന്ന് മൂന്നാർ വരെ റോഡ് മാർഗ്ഗേ പത്ത് മണിക്കൂറുമാണ് നിലവിലെ യാത്രാസമയം. 13 ശതമാനമാണ് സംസ്ഥാനത്തെ വാഹനങ്ങളുടെ വർദ്ധന നിരക്ക്. നിലവിലുള്ള റോഡ് റെയിൽ സൗകര്യങ്ങൾ അതിനനുസരിച്ച് വികസിപ്പിക്കുന്നത് സംസ്ഥാനത്തിന്റെ പ്രത്യേകമായ ഭൂമിശാസ്ത്രവും ജനസാന്ദ്രതയും മൂലം പരിമിതപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിനകത്തെ യാത്രാസമയം കുറയ്ക്കുന്നതിന് നിലവിൽ ആവശ്യകതയുണ്ട്. തിരുവനന്തപുരത്തെ കാസർഗോഡ്, കോഴിക്കോട്, വയനാട്, പാലക്കാട്, ഇടുക്കി ജില്ലകളുമായി ആകാശമാർഗ്ഗേ ബന്ധിപ്പിക്കുന്നത് സ്ഥാപിതമായ ഒരാവശ്യമാണ്. വിവിധ നിലയിലുള്ള അറുപതോളം ഹെലിപാഡുകൾ സംസ്ഥാനത്തുണ്ട്. ഇവ ഉപയോഗ്യയുക്തമാക്കി തീർത്ഥാടന ടൂറിസം സീസണുകളിലും, ദുരന്തസമയങ്ങളിലും മറ്റ് ജീവൻ രക്ഷാ പ്രവർത്തനങ്ങൾക്കും സഹായകമാകുന്ന രീതിയിൽ ഹെലികോപ്റ്റർ സർവ്വീസുകൾ ആരംഭിക്കുന്നത് ഗുണകരമാകും. നിലവിലുള്ള മൂന്ന് എയർപോർട്ടുകളെ ഹെലികോപ്റ്റർ സർവ്വീസുകൾക്കുള്ള ഹബ്ബുകളായി വികസിപ്പിക്കാവുന്നതാണ്.<br>ജില്ലാ ഭരണകൂടങ്ങൾക്ക് വ്യോമയാന മേഖലയിലെ വികസനത്തിൽ നിർണ്ണായകമായ പങ്കുണ്ട്. ഭാവി വികസനത്തെ മുൻനിറുത്തി എയർ സ്ട്രിപ്പുകൾക്കനുയോജ്യമായ സ്ഥലങ്ങൾ ഓരോ ജില്ലയിലും തിരിച്ചറിയേണ്ടതുണ്ട്. ഫാസ്റ്റ് ട്രാക്കിലുള്ള പുനരധിവാസത്തിനുള്ള നിർദ്ദേശങ്ങൾ സഹിതമുള്ള ഭൂമിയേറ്റെടുക്കൽ പ്രക്രിയ വ്യോമയാന പദ്ധതിയുടെ ഭാഗമായിരിക്കണം. Sea planes, Amphibian planes എന്നിവ ഉപയോഗിച്ച് കായലുകളെയും സമുദ്രത്തേയും ഉപയോഗിക്കാവുന്നതാണ്. പരിശീലനവും പദ്ധതിയുടെ പ്രധാന ഘടകമാണ്. |

| | | | |
|---|---|---|---|
| | | | നിലവിൽ സംസ്ഥാനത്ത് ഒരു ഫ്ലയിംഗ് സ്കൂൾ മാത്രമേ ഉള്ളൂ. അതിന്റെ പ്രവർത്തനം മറ്റ് സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുകയും കൂടുതൽ സ്കൂളുകൾ തുടങ്ങുകയും ചെയ്യാവുന്നതാണ്. ഈ സ്കൂളുകൾ ആഭ്യന്തര സർവ്വീസുകൾക്കുള്ള ടെർമിനലുകളായും പ്രവർത്തിപ്പിക്കാവുന്നതാണ്.<br>പദ്ധതി അടുത്ത 15 വർഷം കൊണ്ട് പൂർണ്ണമായും നടപ്പിലാക്കാവുന്നതാണ്. ആദ്യത്തെ അഞ്ച് കൊല്ലം കൊണ്ട് ഹെലികോപ്ടർ, Amphibian വിമാന സർവ്വീസുകൾ ആരംഭിക്കാവുന്നതാണ്. ആദ്യ ഘട്ടത്തിൽ ചെറുവിമാനത്താവളങ്ങൾക്കും, എയർ സ്ട്രിപ്പുകൾക്കുമുള്ള ഭൂമി ഏറ്റെടുക്കാവുന്നതുമാണ്. രണ്ടാം ഘട്ടത്തിൽ എയർപോർട്ടുകളും എയർസ്ട്രിപ്പുകളും സ്ഥാപിക്കാവുന്നതാണ്.<br>ഈ കാര്യങ്ങളെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ജില്ലാ കളക്ടർമാരോടും എയർപോർട്ട് ഡയറക്ടർമാരോടും നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

## പതിമൂന്നാം കേരള നിയമസഭ


ഒന്നാം സമ്മേളനം

2011 ജൂലൈ 12, ചൊവ്വ

**അടിയന്തിരചോദ്യം നം. 1**

**ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ സ്വത്ത് സംരക്ഷണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ പാലോട് രവി : | ശ്രീ ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) സുപ്രീംകോടതി നിർദ്ദേശമനുസരിച്ച് ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ വക സ്വത്ത് പരിശോധിക്കാൻനിയോഗിച്ച കമ്മിറ്റിയുടെ പരിശോധനാ റിപ്പോർട്ടുകൾ പത്രങ്ങളിൽ വന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) അമൂല്യ ശേഖരം സൂക്ഷിച്ചിരിക്കുന്ന ഈ ക്ഷേത്രത്തിന് ശക്തമായ സുരക്ഷ ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | ബി) ക്ഷേത്രത്തിൽ കുറ്റമറ്റരീതിയിലുള്ള സുരക്ഷാ ക്രമീകരണങ്ങളാണ് ഒരുക്കിയിരുന്നത്. സംസ്ഥാന പോലീസിന്റെയും, സംസ്ഥാന പോലീസിന്റെ കമാണ്ടോ വിംഗിന്റെയും ദ്രുത കർമ്മ സേനയുടെയും നേതൃത്വത്തിലാണ് സുരക്ഷ ഒരുക്കിയിരിക്കുന്നത്. കൂടാതെ എ. ഡി. ജി. പി. ശ്രീ വേണു ഗോപാൽ കെ. നായർ ഐ. പി. എസ് -ന്റെ നേതൃത്വത്തിൽ എ. ഡി.ജി. പി., ഇന്റലിജൻസ് ശ്രീ ഹേമചന്ദ്രൻ ഐ. പി.എസ്., ഐ. ജി. പി., ഇന്റേണൽ സെക്യൂരിറ്റി ശ്രീ എസ്. ആനന്ദകൃഷ്ണൻ, ഐ. പി. എസ്. , ഐ. ജി. പി , തിരുവനന്തപുരം റേഞ്ച് ശ്രീ കെ. പത്മകുമാർ ഐ. പി. എസ് എന്നിവരടങ്ങുന്ന ഒരു ഉന്നതതല സംഘത്തെ ക്ഷേത്രത്തിൽ നടപ്പിലാക്കേണ്ട ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സുരക്ഷാ ക്രമീകരങ്ങളെപ്പറ്റി പഠിച്ച് നിർദ്ദേശിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| സി) ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള ഏതെല്ലാം ഏജൻസികളുടെ സേവനമാണ് ഉപയോഗിക്കാനുദ്ദേശിക്കുന്നത് ? | സി) സംസ്ഥാന പോലീസിന്റെ നേതൃത്വത്തിലാണ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. |



സെക്ഷൻ ഓഫീസർ